# സുറിയാനി സഭയിലെ
# രക്തസാക്ഷികളും പരിശുദ്ധന്മാരും
# മേലദ്ധ്യക്ഷന്മാരും

(Volume IX)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

**J. S. C. Publications**
**Patriarchal Centre**
**Puthencruz**

2018

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**

(Volume IX)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2018

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout: Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581
Email: mdbookstall@yahoo.com

Copies: 1000

Price Rs. 65/-

# ഉള്ളടക്കം


അവതാരിക ......................................................................v

ആമുഖം ......................................................................vii

1. കൈസര്യായിലെ വിശുദ്ധ അഗാപ്പിയസ് .............................. 1
2. ഐകോണിയത്തിലെ
അംഫിലോക്കിയസ് മെത്രാപ്പോലീത്ത ..................................2
3. പേർഷ്യയിലെ വിശുദ്ധ ദീമേത്ത്............................................4
4. രക്തസാക്ഷികളായ റോമിലെ
ഫെലിസിറ്റാസും അവളുടെ ഏഴു മക്കളും...........................6
5. ബെഥാനിയായിലെ ലാസർ........................................................9
6. രക്തസാക്ഷിയായ ലുസിയാനോസ്.......................................11
7. അഗ്രജയായ മക്രീന................................................................. 12
8. തിബെയ്ദിലെ മെത്രാപ്പോലീത്ത പഫ്നൂഷ്യസ്............... 14
9. റ്റെല്ലയിലെ മെത്രാപ്പോലീത്ത മോർ പൗലോസ്............... 16
10. രക്തസാക്ഷിയായ അന്ത്യോഖ്യയിലെ
വിശുദ്ധ റൊമാനോസ് ............................................................ 18
11. അലക്സന്ത്രിയായിലെ മോർ തിമോഥിയോസ്................. 21
12. രക്തസാക്ഷിയായ റോമിലെ
വിശുദ്ധ ക്സൊസ്തോസ് രണ്ടാമൻ...................................23
13. മോർ ദീവന്നാസിയോസ് യാക്കോബ് ബർസ്ലീബി.............25
14. മഹാനായ കുസ്തന്തീനോസ് ഒന്നാമൻ ചക്രവർത്തി.......27
15. അറബികളുടെ മെത്രാപ്പോലീത്ത മോർ ജോർജ്ജ്.............30
16. കോർഡോവയിലെ
മോർ ഹോസിയസ് മെത്രാപ്പോലീത്ത ..................................32
17. സന്യാസിയായ വി.സാബാസ് ..................................................33
18. അലക്സന്ത്രിയ പാത്രിയർക്കീസായ മോറാൻ പത്രോസ്.....33

19. യെരുശലേമിലെ മെത്രാപ്പോലീത്തയായ
മോർ മക്കാറിയോസ് ........ 34
20. ട്രയറിലെ മെത്രാപ്പോലീത്ത മോർ പൗളിനോസ് ........ 35
21. അന്ത്യോഖ്യാ പാത്രിയർക്കീസായ പത്രോസ് രണ്ടാമൻ... 36
22. സീനോപ്പിലെ മോർ ഫോക്കാസ് മെത്രാപ്പോലീത്ത ........ 37
23. മോർ മത്തായി (സന്യാസി) ........ 38
24. മെലിറ്റിനിലെ മെത്രാപ്പോലീത്ത
മോർ അക്കേസിയസ് ........ 39
25. അന്ത്യോഖ്യാ പാത്രിയർക്കീസായ വി. അലക്സാണ്ടർ.... 40
26. രക്തസാക്ഷിയായ വിശുദ്ധ ക്രിസ്റ്റഫർ ........ 41
27. അലക്സന്ത്രിയാ പാത്രിയർക്കീസായ
വിശുദ്ധ സെറാപ്പിയോൻ ........ 42
28. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ഫിലൊഗോൺ...... 43
29. അന്ത്യോഖ്യാ പാത്രിയർക്കീസായ വി. സെർജിയസ്........ 44
30. രക്തസാക്ഷിയായ വിശുദ്ധ സിൽവാനോസ്........ 45
References ........ 47
Name Index - Volume IX ........ 51
General Index - Volume I - VIII ........ 53
Books by the author ........ 61
ഗ്രന്ഥകർത്താവ് ........ 65

# അവതാരിക

വന്ദ്യ മാണി രാജൻ കോർഎപ്പിസ്കോപ്പായുടെ മലയാള പുസ്തക പരമ്പരയിലെ ഒമ്പതാം വാല്യമാണിത്. ഇതിൽ പ്രതിപാദിക്കുന്ന 30 പേരിൽ പരിശുദ്ധ പാത്രിയർക്കീസന്മാർ, വിശുദ്ധ സഭയിലെ സന്യാസിമാർ, രക്തസാക്ഷികൾ തുടങ്ങിയവർ ഉൾപ്പെടുന്നു. ഇവരിൽ എടുത്തു പറയേണ്ട രണ്ടുപേരാണ് മോർ ദീവന്നാസിയോസ് ബർസ്ലീബിയും കുസ്തന്തീനോസ് ചക്രവർത്തിയും. കർത്താവിനെ ക്രൂശിച്ച മരക്കുരിശ് കണ്ടെത്തിയത് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞിയായിരുന്നു. അത് സാധിതമായത് ചക്രവർത്തി ആകാശത്തിൽ കണ്ട ജ്വലിക്കുന്ന ക്രൂശിന്റെ അടയാളമായിരുന്നു. ആഘോഷത്തോടെ റോമിലേക്ക് എത്തിച്ച ഈ കുരിശിന്റെ മുമ്പിൽ ചക്രവർത്തി മുട്ടുകുത്തുകയും ശത്രുസംഹാരം നടത്തുവാൻ തന്നെ സഹായിച്ച കർത്താവിന്റെ കുരിശിനെപ്രതി ദൈവത്തെ സ്തുതിക്കുകയും ചെയ്തു. തുടർന്ന് ക്രിസ്തുമതം സ്വീകരിച്ച ചക്രവർത്തി വഴി വി. സഭയ്ക്ക് പ്രശസ്തിയും വളർച്ചയും ഉണ്ടായി.

ദൈവശാസ്ത്രപണ്ഡിതനായ മോർ ദീവന്നാസിയോസ് ബർസ്ലീബിയുടെ സംഭാവനകൾ വിലപ്പെട്ടവയാകുന്നു. വിശുദ്ധ കുർബ്ബാനയിലെ ഖണ്ഡിപ്പും കലർത്തലിയും ഉപയോഗിക്കുന്ന ബർസ്ലീബിയുടെ ചെറുപ്രാർത്ഥന അതിശ്രേഷ്ഠവും കരളലിയിക്കുന്നതും മർമ്മപ്രധാനവുമാകുന്നു. വന്ദ്യ കോർ എപ്പിസ്കോപ്പയുടെ രചനകൾ സത്യവിശ്വാസാചാരങ്ങളുടെ പിന്നിലുള്ള വിശുദ്ധ രഹസ്യങ്ങൾ ചരിത്രപരമായ പശ്ചാത്തലത്തിൽ ഗ്രഹിക്കുവാൻ സഹായകമാകുന്നു. ഈ പരമ്പരയിലുള്ള 9 വാല്യങ്ങളും ഇവയുടെ ഇംഗ്ലീഷ് പരിഭാഷാ വാല്യങ്ങളും വന്ദ്യ കോറെപ്പിസ്കോപ്പ രചിച്ചിട്ടുള്ള ഇതര പ്രാർത്ഥന, കൂദാശ ക്രമങ്ങളും വളരെ വളരെ അതികഠിനമായ പ്രയത്നങ്ങളുടെ ഫലമാകുന്നു.

ഇത്തരം സഭാവിജ്ഞാന ഭണ്ഡാരങ്ങൾ തുറന്നു തരുവാൻ വന്ദ്യ കോറെപ്പിസ്കോപ്പ പ്രദർശിപ്പിക്കുന്ന തൃഷ്ണവും സഹിക്കുന്ന കഷ്ടപ്പാടുകളും സഫലമാകുന്നത് അവയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ വിശുദ്ധ സഭാമക്കൾ ഉൾക്കൊള്ളുന്നതുവഴി മാത്രമാകയാൽ ഈ രചനകൾ ആകമാന സുറിയാനി സഭയിലെ എല്ലാ ഇടവകകളിലും എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതിന് സഹായം നൽകുന്ന ജെ.എസ്.സി. പബ്ലിക്കേഷൻസ് എല്ലാവരുടേയും അനുമോദനം അർഹിക്കുന്നു. കൂടുതൽ പ്രസിദ്ധീകരണങ്ങൾ വന്ദ്യ കോറെപ്പിസ്കോപ്പയിൽനിന്ന് പ്രതീക്ഷിക്കുന്നു. ഇതിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട്.

**തിരുവനന്തപുരം** — **റെവ. ഡോ. സി. എ. നൈനാൻ**
**2018 ജനുവരി 15** — M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധ ന്മാരും മേലദ്ധ്യക്ഷന്മാരും* എന്ന പുസ്തകത്തിന്റെ ഒന്നാം വാല്യം 2003ലാണ് പ്രസിദ്ധീകരിച്ചത്. പതിനഞ്ചു വർഷത്തിനി ടയിൽ എട്ട് വാല്യങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു. ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ഒൻപതാം വാല്യത്തിലും മുൻ വാല്യങ്ങളി ലേതുപോലെ 30 ജീവചരിത്രങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

ത്രിത്വവിശ്വാസ സംബന്ധമായും വിശുദ്ധ കന്യക മൊർത്ത മറിയാമിനെ സംബന്ധിച്ചും ഉണ്ടായ സഭയിലെ ആഭ്യന്തര കല ഹങ്ങളും അതുപോലെ തന്നെ ഡയോക്ലീഷ്യനെപോലെ സഭ യെ പീഡിപ്പിച്ച രാജാക്കന്മാരും സത്യവിശ്വാസത്തെ ഇല്ലായ്മ ചെയ്യുന്നതിൽ വിജയിച്ചില്ല. കാരണം സത്യസുറിയാനി സഭ ദൈവത്താൽ നിലനിർത്തപ്പെടുന്നുവെന്നതാണ്.

ഗുഹകളിലും തൂണുകളിലും മരുഭൂമികളിലും വനാന്തര ങ്ങളിലും ദയറാകളിലും പ്രാർത്ഥനാനിരതരായ നിരവധി സന്യാസിമാരും സഭാപിതാക്കന്മാരും ദൈവികധ്യാനത്താൽ ദൈവത്തെ പ്രസാദിപ്പിച്ചു. വിശുദ്ധ അഫ്രേമും സ്വർണ്ണനാവു കാരനായ ഈവാനിയോസും മോർ സേവേറിയോസ് പാത്രി യർക്കീസും പോലെയുള്ള സഭാപിതാക്കന്മാർ സഭയുടെ സത്യ വിശ്വാസം ഈ തലമുറയിലും അവശേഷിപ്പിക്കുന്നതിനായി പരിശ്രമിച്ചു. അവരുടെ എഴുത്തുകളാലും ഗാനങ്ങളാലും പ്രാർ ത്ഥനകളാലും സത്യവിശ്വാസം നിലനിൽക്കുന്നു. നാടുകടത്തലു കളും ജയിൽവാസങ്ങളും സഭാപിതാക്കന്മാരെ തളർത്തിയില്ല.

മോർ കുര്യാക്കോസ് സഹദാ, മൊർത്ത് യൂലിത്തി, മോർ യാക്കോബ് മഫസ്ക്കൊ തുടങ്ങിയവരെപോലെ സഭയ്ക്കായി തങ്ങളുടെ രക്തം ചൊരിഞ്ഞ സാക്ഷികളുടെ വലിയ സമൂഹം മേഘംപോലെ ദൈവസന്നിധിയിൽ നില കൊള്ളുന്നു. അറിയോസ് യൗനോമിയോസ്, നെസ്തോർ എന്നീ വേദവിപരീതകളുടെ ഉപദേശങ്ങൾ സത്യസഭ തിരസ്കരിച്ചതു പരിശുദ്ധാത്മ ശക്തിയാലത്രേ.

സഭാ ചരിത്രകാരനായ കൈസര്യയിലെ മോർ യൂസേബിയോസും (d. 339), എഫേസോസിലെ മോർ യൂഹാനോനും (d. 587), ഉറഹായിലെ മോർ യാക്കോബും (d. 1199) മോർ ഗ്രീഗോറിയോസ് യൂഹാനോൻ ബാർ എബ്രായയും (d. 1286) മോറാൻ അഫ്രേം ഒന്നാമൻ പാത്രിയർക്കീസ് ബാവായും (d. 1957) പോലെയുള്ള പിതാക്കന്മാരത്രെ ഈ ചരിത്രങ്ങൾ വരും തലമുറയ്ക്കായി അവശേഷിപ്പിച്ചത്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സത്യാരാധന നില നിൽക്കുന്നതിന് ദൈവം ഉപയോഗിച്ച വ്യക്തികളുടെ ജീവിത ചര്യങ്ങൾ പരിചയപ്പെടുന്നതിന് ഈ വാല്യങ്ങൾ പ്രയോജന പ്പെടുമെന്നാശിക്കുന്നു. 1976ൽ ബലഹീനനായ എനിക്ക് കോറൂയോ പട്ടം നൽകി അനുഗ്രഹിച്ച പുണ്യശ്ലോകനായ മാടപ്പാട്ട് മോർ യൂലിയോസ് യാക്കോബ് തിരുമേനിയുടെ 26-ാം ഓർമ്മ ദിനത്തിൽ ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതിൽ സന്തോഷം ഉണ്ട്.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
2018 ജനുവരി 24

# 1. കൈസര്യായിലെ വിശുദ്ധ അഗാപ്പിയസ്

(എ. ഡി. ? - c. എ. ഡി. 304)

വിശുദ്ധ അഗാപ്പിയസ് പലസ്തീനിലെ കൈസര്യയിൽ വച്ച് രക്തസാക്ഷിയായി. ഡയോക്ലീഷ്യന്റെ പീഡയിൽ (എ. ഡി. 284 - 305) വിശ്വാസത്തിനു വേണ്ടി മൂന്നു പ്രാവശ്യം അഗാപ്പിയസ് ജയിലിലാക്കപ്പെട്ടു (http://soc-wus.org/ourchurch/St.%20Agapius%20of%20caesarea.htm) അഗാപ്പിയസ് തടവിലാക്കപ്പെട്ടതിനെ സംബന്ധിച്ചും, ഒരു തടവുകാരനോടുകൂടെ ചങ്ങലക്കിട്ട് ഒരു പൊതു വിനോദസ്ഥലത്ത് വന്യമൃഗങ്ങൾക്ക് എറിഞ്ഞു കൊടുക്കപ്പെടുന്നതിന് കൊണ്ടു പോകപ്പെട്ടതിനെ സംബന്ധിച്ചും യൂസേബിയോസ് വിവരിച്ചിട്ടുണ്ട്.

ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ നിർദ്ദേശാനുസരണം പലസ്തീനിലെ ഗവർണറായിരുന്ന ഉർബാൻ, അഗാപ്പിയസിനെ രണ്ടുവർഷം തടവിലാക്കി. പാരമ്പര്യമനുസരിച്ച് (യജമാനനെ വധിച്ച) സഹതടവുകാരനെ വെറുതെ വിടുകയും ദേവന്മാർക്ക് ബലി കഴിച്ചാൽ അഗാപ്പിയസിനെ വിട്ടയയ്ക്കാമെന്ന് പ്രലോഭിപ്പിക്കുകയും ചെയ്തു. അത് അഗാപ്പിയസ് നിരസിച്ചതിനാൽ ഒരു കരടിക്ക് എറിഞ്ഞു കൊടുത്തെങ്കിലും കൊല്ലപ്പെട്ടില്ല. വീണ്ടും തടവിലാക്കുകയും അടുത്ത ദിവസം കടലിൽ മുക്കി കൊല്ലുകയും ചെയ്തു (Thurston & Attwater, 1990, Vol. III). യൂസേബിയസിന്റെ വിവരണമനുസരിച്ച് അഗാപ്പിയസ് വന്യമൃഗങ്ങളോട് മല്ലിടുകയും ഒടുവിൽ ശിരച്ഛേദനം ചെയ്യപ്പെടുകയും ചെയ്തു. രക്തസാക്ഷിയായ വിശുദ്ധ അഗാപ്പിയസിന്റെ ഓർമ്മ സുറിയാനിസഭ ഏപ്രിൽ 29-ാംതീയതി ആചരിക്കുന്നു.

# 2. ഐകോണിയത്തിലെ അംഫിലോക്കിയസ് മെത്രാപ്പോലീത്ത

**(എ. ഡി. 340? - c. എ. ഡി. 400)**

മഹാനായ കൈസര്യയിലെ മോർ ബസ്സേലിയോസിനും (d. എ. ഡി. 379) നസിയാൻസസിലെ മോർ ഗ്രീഗോറിയോസിനും (d. എ. ഡി. 389) ശേഷം കിഴക്കൻസഭ ഏറ്റവും പ്രാധാന്യത്തോടെ പരിഗണിച്ചിരുന്ന ഒരു സഭാപിതാവാണ് അംഫിലോക്കിയസ്. അംഫിലോക്കിയസിനെക്കുറിച്ച് അറിയുവാനിടയായിട്ടുള്ള വിവരങ്ങളെല്ലാം തന്നെ മോർ ബസ്സേലിയോസിന്റെയും മോർ ഗ്രീഗോറിയോസിന്റെയും എഴുത്തുകളിൽ നിന്നാണ് (Wace, 1911; Thurston & Attwater, 1990, Vol. IV).

അംഫിലോക്കിയസ് കപ്പദോക്യക്കാരനായിരുന്നു. ഇദ്ദേഹം നിയമം പഠിക്കുകയും കുസ്തന്തീനോസ്പോലീസിൽ ജോലി ചെയ്യുകയും ചെയ്തു. എ. ഡി. 369ൽ അംഫിലോക്കിയസ് ഐഹികജീവിതത്തിൽ നിന്ന് പിൻമാറി ഒസിസലയിൽ മതപരമായ കാര്യങ്ങളിൽ ഉൾപ്പെട്ടും വാർധക്യത്തിലായിരുന്ന പിതാവിനെ സംരക്ഷിച്ചും നാളുകൾ കഴിച്ചു കൂട്ടി. (ഒസിസല, നസിയാൻസസിന് അടുത്തുള്ള ഒരു സ്ഥലമാണ്). അംഫിലോക്കിയസിന്റെ പിതൃസഹോദര (സഹോദരി?) പുത്രനായിരുന്ന നസിയാൻസസിലെ ഗ്രീഗോറിയോസിന്റെ സ്വാധീനത്താലായിരിക്കാം അംഫിലോക്കിയസിൽ ഈ വിധമുള്ള മാറ്റങ്ങൾ ഉണ്ടായത്.

മേൽ പറഞ്ഞ കാലഘട്ടത്തിൽ ഹെരാക്ലിഡസ്, വക്കീൽ ജോലി ഉപേക്ഷിച്ച് കൈസര്യക്കു സമീപം മോർ ബസ്സേലിയോസ് പണി കഴിപ്പിച്ച ഒരു ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. എ. ഡി. 372ൽ (373?) ഹെരാക്ലിഡസ് അംഫിലോക്കിയസിനെഴുതിയ ഒരു കത്തിൽ മോർ ബസ്സേലിയോസിന്റെ പഠിപ്പിക്കലുകളും മാതൃകയും പ്രയോജനപ്പെടുത്തുന്നതിന് ആഹ്വാനം ചെയ്തിരുന്നു (Wace, 1911). അംഫിലോക്കിയസ്

ഈ ക്ഷണം സ്വീകരിക്കുകയും ഏ. ഡി. 374ന്റെ ആരംഭത്തിൽ മുപ്പത്തിയഞ്ച് വയസ്സുള്ളപ്പോൾ ഐകോണിയത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും ചെയ്തുവെന്നു കരുതാം.

ഏ. ഡി. 374ലെ ഉയിർപ്പു പെരുന്നാളിന്റെ നാളുകളിൽ അംഫിലോക്കിയസ് മോർ ബസ്സേലിയോസിനെ സന്ദർശിച്ചു. ഈ സന്ദർശനം കൈസര്യയിലുള്ള ആളുകളിൽ അംഫിലോക്കിയസിനെ കുറിച്ച് വലിയ മതിപ്പുളവാക്കി. പിന്നീടൊരിക്കൽ അംഫിലോക്കിയസ് മോർ ബസ്സേലിയോസിനോട് വിശുദ്ധ റൂഹായെക്കുറിച്ച് എഴുതണമെന്ന് ആവശ്യപ്പെടുകയും തൽഫലമായി '*ഡി സ്പിരിറ്റു സാക്റ്റോ*' എന്ന കൃതിയുണ്ടാകുകയും ചെയ്തു. ആ കൃതി മോർ അംഫിലോക്കിയസിന് തോൽകടലാസിൽ കൊത്തുപണിചെയ്ത് അയച്ചു കൊടുക്കുകയും ചെയ്തു (Wace, 1911; Thurston & Attwater, 1990, Vol. IV).

മോർ ബസ്സേലിയോസ്, മോർ അംഫിലോക്കിയസിനെ അഭിസംബോധന ചെയ്ത് അയച്ചിട്ടുള്ള കാനോകിക എഴുത്തുകളുണ്ട്. മോർ ബസ്സേലിയോസിന്റെ നിർദ്ദേശാനുസരണം മോർ അംഫിലോക്കിയസ് ഐസൂരിയാ, ലൈക്കോണിയ, ലൈസിയ എന്നിവിടങ്ങളിലെ സഭാകാര്യങ്ങൾ നിർവ്വഹിച്ചിരുന്നു. കൈസര്യ ഭദ്രാസനത്തിന്റെ ഭരണകാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ സഹായിക്കുന്നതിനായി മോർ ബസ്സേലിയോസ്, മോർ അംഫിലോക്കിയസിനെ ക്ഷണിക്കുകയുണ്ടായി. ഈ ക്ഷണം മോർ ബസ്സേലിയോസിന് യുവ മെത്രാപ്പോലീത്തയായിരുന്ന മോർ അംഫിലോക്കിയസിലുണ്ടായിരുന്ന ആത്മവിശ്വാസത്തിന്റെയും, സ്വഭാവമഹിമ, അച്ചടക്കം എന്നിവയുടെയും ഉത്തമമായ ഒരു സാക്ഷ്യമായി കരുതാം.

മോർ ബസ്സേലിയോസിന്റെ കബറടക്ക സമയത്ത് അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ട് മോർ അംഫിലോക്കിയസ് ചരമ പ്രസംഗം നടത്തുകയുണ്ടായി. ഏ. ഡി. 379ൽ മോർ ബസ്സേലിയോസിന്റെ കാലശേഷം മോർ അംഫിലോക്കിയസ് നസിയാൻസിലെ മോർ ഗ്രീഗോറിയോസുമായി ചങ്ങാത്തം കൂടി. ഏ. ഡി. 381ൽ മോർ അംഫിലോക്കിയസും ഗ്രീഗോറിയോസും ഒന്നിച്ച് കുസ്തന്തീനോപോലീസിലെ സുന്നഹദോസിൽ പങ്കെടുത്തു. മോർ അംഫിലോക്കിയസിന് മോർ ഗ്രീഗോറിയോസ് അവസാനമായി കത്തയച്ചത് ഏ. ഡി. 383ലാണ് (Wace, 1911).

മോർ അംഫിലോക്കിയസ് കാലംചെയ്ത കൃത്യമായ തീയതി ലഭ്യമല്ല. എന്നാൽ ഏ. ഡി. 403ൽ വിശുദ്ധ ക്രിസോസ്റ്റമോസു മായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ മോർ അംഫിലോക്കിയസി ന്റെ പേര് പരാമർശിക്കപ്പെട്ടിട്ടില്ല. ആയതിനാൽ മോർ അം ഫിലോക്കിയസ് ഏ. ഡി. 400നോടടുത്ത് കാലംചെയ്തതായി കണക്കാക്കപ്പെടുന്നു.

മോർ അംഫിലോക്കിയസ് സുവിശേഷ പുസ്തകങ്ങൾക്ക് വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അതുകൂടാതെ അലക്സന്ത്രി യായിലെ മോർ അത്താനാസിയോസിന്റെ ജീവചരിത്രവും രചിച്ചിട്ടുണ്ട് (Aphrem I, 2003). മോർ അംഫിലോക്കിയസിന്റെ ഓർമ്മ സുറിയാനിസഭ നവംബർ 23, ഡിസംബർ 21 എന്നീ തീയതികളിൽ ആചരിക്കുന്നു.

## 3. പേർഷ്യയിലെ വിശുദ്ധ ദീമേത്ത്

**(ഏ. ഡി.? - 362?)**

ദീമേത്ത് എന്ന പേരിൽ രണ്ടു വിശുദ്ധന്മാർ ഉള്ളതിനാൽ ദീമേത്തിന്റെ ജീവചരിത്രത്തെ സംബന്ധിച്ച് ചില ആശയക്കുഴ പ്പങ്ങളുണ്ട്. രണ്ടു വിശുദ്ധന്മാരുടെയും ഓർമ്മ ആചരിക്കുന്ന സെപ്തംബർ 24 ഉൾപ്പെടെ പല വിശദാംശങ്ങളും സമാനതയു ള്ളതാണ്. ആയതിനാൽ കൂടുതൽ അന്വേഷണങ്ങൾ നടത്തിയാൽ മാത്രമേ രണ്ടുപേരേയും തിരിച്ചറിയുവാൻ കഴിയുകയുള്ളൂ. ലഭ്യ മായ വിവരങ്ങളനുസരിച്ച് ഒരു വിശുദ്ധൻ ഏ. ഡി. 362ലും മറ്റൊരു വിശുദ്ധൻ ഏ. ഡി. 408ലും കാലംചെയ്തതായി കരുതപ്പെടുന്നു (http://syrorthodoxchurch.com/english-Dateien/st_dimet.html ).

ദീമേത്ത് ക്രിസ്തുമതം സ്വീകരിച്ച ഒരു പേർഷ്യക്കാര നാണ്. അദ്ദേഹം മെസപ്പൊട്ടോമിയയിലെ നിസിബിസിൽ സന്യാസിയായി ജീവിച്ചു. ദീമേത്ത് ശെമ്മാശനാകുകയും ഒരു ഗുഹയിൽ ജീവിക്കുകയും സമീപപ്രദേശത്തെ അനേ കം വിഗ്രഹാരാധനക്കാരെ ക്രിസ്തുവിങ്കലേക്ക് കൊണ്ടു വരികയും ചെയ്തു (Thurston & Attwater, 1990, Vol. III).

ധാരാളം ആളുകൾ അദ്ദേഹത്തിന്റെ വചനങ്ങൾ കേൾക്കുന്നതിനും അനുഗ്രഹങ്ങളും സൗഖ്യം പ്രാപിക്കുന്നതിനുമായി കൂട്ടം കൂടിയിരുന്നു. ചക്രവർത്തിയായിരുന്ന ജൂലിയാന്റെ ജീവിതരീതിയെ കുറിച്ച് ദീമേത്ത് ശകാരിച്ചിരുന്നതിനാൽ ചക്രവർത്തി ദീമേത്തിന്റെ ജനസമ്മതിയെക്കുറിച്ച് ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. ദീമേത്ത് പറഞ്ഞു: ''ഈ പാവപ്പെട്ട നിരുപദ്രവകാരികളായ ജനം എന്നെ വന്നു കാണാൻ ആഗ്രഹിക്കുന്നെങ്കിൽ എനിക്ക് അവരെ തിരിച്ചയ്ക്കാൻ കഴിയുകയില്ല.'' കോപിഷ്ഠനായ ജൂലിയാൻ ദീമേത്തിനെ കല്ലെറിഞ്ഞ് കൊല്ലിച്ചു (Thurston & Attwater, 1990, Vol. III, p. 275). വിശുദ്ധ ദീമേത്തിന്റെ ഓർമ്മ സെപ്തംബർ 24-ാംതീയതി സുറിയാനി സഭ ആചരിക്കുന്നു.[1]

ഒരു സ്ത്രീ അവളുടെ രോഗം വിശുദ്ധ ദീമേത്തിന്റെ മധ്യസ്ഥതയാൽ സൗഖ്യമായതിനാൽ ദീമേത്തിന്റെ തിരുശേഷിപ്പുകൾ ആമീദിലെ മെത്രാപ്പോലീത്തയായിരുന്ന തിയൊഡോറിന്റെ അധീനതയിലേക്കു കൊണ്ടുവന്നു. പിന്നീട് തിയൊഡോറിന്റെ ശിഷ്യനായിരുന്ന ജോസഫ് ദീമേത്തിന്റെ തിരുശേഷിപ്പുകൾക്കു മുകളിൽ സുപ്രസിദ്ധമായ ഒരു വലിയ സന്യാസ ആശ്രമം പണിതു (http://syrorthodoxchurch.com/englishDateien/st_dimet.html).

1 *കുറിപ്പ്: മറ്റൊരു വിവരണമനുസരിച്ച് ദീമേത്ത് മധ്യപൂർവ്വ ദേശത്ത് വാലൻസ് ചക്രവർത്തിയെ (ഏ. ഡി. 364-378) സേവിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു. ഇദ്ദേഹം അറിയോസിന്റെ അനുയായി ആയിരുന്നുവെങ്കിലും ദൈവകൃപയാൽ നാഥനെ കോപിപ്പിച്ചു എന്നു തിരിച്ചറിയുവാനിടയായി. തുടർന്ന്, സൈപ്രസിലേക്ക് (ടർക്കിയിലെ ക്യൂലിത്ത് ഗ്രാമത്തിലേക്ക് ?) പോകാൻ അനുവദിക്കണമെന്ന് ചക്രവർത്തിയോട് ആവശ്യപ്പെട്ടു. അതിനുശേഷം ഷാബായ് ദീമേത്തിനെ മാമോദീസാ മുക്കി. ദീമേത്ത് അവിടെ ഏ. ഡി. 378 മുതൽ ഏ. ഡി. 408 വരെ ജീവിച്ചു. ഏ. ഡി. 408 സെപ്തംബർ 24-ാംതീയതി നിര്യാതനായി.*

# 4. രക്തസാക്ഷികളായ
# റോമിലെ ഫെലിസിറ്റാസും അവളുടെ ഏഴു മക്കളും
### (എ. ഡി.? - 164?)

ഫെലിസിറ്റാസ് റോമിലെ ഒരു ധനിക കുടുംബത്തിൽ ജനിച്ച്, നിർമ്മല ജീവിതം നയിച്ചിരുന്ന ഒരു വിധവയായിരുന്നു. ഫെലിസിറ്റാസ് അവളുടെ ഏഴ് മക്കളെയും (ജനുവാരിസ്, ഫെലിക്സ്, ഫിലിപ്പ്, സിൽവാനസ്, അലക്സാണ്ടർ, വിറ്റാലിയസ്, മാർസിയൽ) ക്രിസ്തീയ മൂല്യങ്ങളനുസരിച്ച് വളർത്തി (Wace, 1911). അവളുടെ ഭർത്താവിന്റെ മരണശേഷം നോമ്പിലും, പ്രാർത്ഥനയിലും, സാധുസംരക്ഷണ പ്രവർത്തനങ്ങളിലും സമയം ചിലവഴിച്ചു. ഫെലിസിറ്റാസിന്റെ ഉത്തമമായ മാതൃക കണ്ടും അനേകർ ക്രിസ്തുമതം സ്വീകരിച്ചു.

ഫെലിസിറ്റാസ് ധൈര്യത്തോടെ ക്രിസ്തുമാർഗ്ഗം അനുസരിച്ച് ജീവിക്കുന്നതിനെക്കുറിച്ചും അതു മുഖാന്തരം നിരവധി വിഗ്രഹാരാധനക്കാർ അതിൽനിന്നും പിന്മാറുന്നതിനെക്കുറിച്ചും ദേവന്മാരുടെ പുരോഹിതന്മാർ ചക്രവർത്തിയായ അന്തോണിനസ്പയസിന് പരാതി നൽകി (https://oca.org/saints/ lives/2015/01/25/100300martyrfelicitasofromeandsevensons). മാത്രവുമല്ല, വിഗ്രഹാരാധനക്കാർ ഇനിയും അതിൽനിന്നും പിന്മാറാതിരിക്കുന്നതിന് ആ സ്ത്രീയെയും അവരുടെ മക്കളെയും ദേവന്മാർക്ക് ബലി അർപ്പിക്കുന്നതിനും നിർബന്ധിക്കേണ്ടത് അത്യാവശ്യമാണ്. അന്തോണിനസ് റോമിലെ ഭരണ ചുമതലയുണ്ടായിരുന്ന പുബ്ലിയസിന് ഒരു ഉത്തരവും നൽകി. അതിൽ ദേവന്മാരുടെ പൂജാരികളെ തൃപ്തിപ്പെടുത്തേണ്ടതിന് വേണ്ടതു ചെയ്യണമെന്നും ദേവന്മാർ ഈ കാര്യത്തിൽ കോപിക്കാതിരിക്കുന്നതിന് നടപടിയെടുക്കണമെന്നും നിർദ്ദേശിച്ചിരുന്നു (Wace, 1911).

പുബ്ലിയസിന്റെ ആജ്ഞ അനുസരിച്ച് ഫെലിസിറ്റാസിനെയും അവളുടെ മക്കളെയും ബന്ധിച്ച് പുബ്ലിയസിന്റെ മുമ്പിൽ ഹാജരാക്കി. ദേവന്മാർക്കു ബലിയർപ്പിക്കുന്നതിന് ഫെലിസിറ്റാസിനെ പലവിധത്തിൽ പ്രേരിപ്പിച്ചെങ്കിലും അവൾ

വഴങ്ങിയില്ല. ഫെലിസിറ്റാസ് മറുപടിയായി പറഞ്ഞു: ''എന്നെ ഭയപ്പെടുത്താമെന്ന് കരുതേണ്ട. നല്ല പ്രസംഗം നടത്തി എന്നെ ജയിക്കാമെന്നു വിചാരിക്കേണ്ട. എന്നിൽ വസിക്കുന്ന ദൈവാത്മാവ് സാത്താനാൽ ഞാൻ കഷ്ടപ്പെടുത്തപ്പെടുന്നതിന് അനുവദിക്കുകയില്ല. നിന്റെ എല്ലാ ഉപദ്രവങ്ങളെയും അതിജീവിച്ച് വിജയിക്കുന്നതിന് അത് എന്നെ ശക്തയാക്കും.'' പുബ്ലിയസ് അതീവ രോഷത്തോടെ പറഞ്ഞു: ''അസന്തുഷ്ടയായ സ്ത്രീയേ, നിന്റെ മക്കളെ പോലും ജീവിക്കാനനുവദിക്കാതെ മരണമാണോ നീ ആഗ്രഹിക്കുന്നത്. ഞാൻ അവരെ കഠിന പീഡനങ്ങളാൽ നശിപ്പിക്കും.'' ഫെലിസിറ്റാസ് പറഞ്ഞു: ''എന്റെ മക്കൾ ക്രിസ്തുവിനോട് വിശ്വസ്തരാണെങ്കിൽ അവർ നിത്യമായി ജീവിക്കും. എന്നാൽ അവർ വിഗ്രഹങ്ങൾക്ക് ബലിയർപ്പിച്ചാൽ നിത്യമരണമാണ് പ്രതീക്ഷിക്കേണ്ടത്.''

അടുത്ത ദിവസം പുബ്ലിയസ് ക്ഷേത്രത്തിനു മുൻപിൽ ഇരുന്നുകൊണ്ട് ഫെലിസിറ്റാസിനെയും മക്കളെയും വിളിപ്പിച്ചു, എന്നിട്ട് പറഞ്ഞു: ''ഫെലിസിറ്റാസ്, നിന്റെ മക്കളെക്കുറിച്ച് എനിക്ക് കഷ്ടം തോന്നുന്നു. അവർ അവരുടെ നല്ല യൗവ്വനത്തിലാണ്. അവർ നല്ല ഭാവിയും ഉന്നതമായ ബഹുമതികളും കാംക്ഷിക്കുന്നവരുമാണ്.'' ആ മാതാവ് മറുപടിയായി പറഞ്ഞു: ''നിന്റെ കഷ്ടത തോന്നുന്ന ഭാവം യഥാർത്ഥത്തിൽ അവഹേളനമാണ്. മക്കളോട് ദയ കാണിക്കുന്നതിനുള്ള നിന്റെ ആഹ്വാനം എല്ലാ അമ്മമാരെക്കാളും എന്നെ ക്രൂരയാക്കും.'' എന്നിട്ട് മക്കളുടെ നേരെ തിരിഞ്ഞ് ഫെലിസിറ്റാസ് ഇപ്രകാരം പറഞ്ഞു: ''എന്റെ മക്കളേ! നിങ്ങൾ സ്വർഗ്ഗത്തിലേക്ക് നോക്കുവിൻ! അവിടെ യേശുക്രിസ്തു അവന്റെ വിശ്വസ്തരോടുകൂടെ നിങ്ങളെ കാത്തിരിക്കുകയാണ്. അവന്റെ സ്നേഹത്തിൽ നിങ്ങൾ വിശ്വസ്തരായിരിപ്പിൻ. നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി നിങ്ങൾ ധൈര്യത്തോടെ പോരാടുവിൻ.'' ഈ പെരുമാറ്റത്തിൽ അക്ഷമനായ പുബ്ലിയസ് അവളെ കഠിനമായി ദണ്ഡിപ്പിക്കുന്നതിന് കൽപിച്ചുകൊണ്ട് പറഞ്ഞു: ''രാജകൽപനയെ ധിക്കരിക്കുന്ന, എന്റെ സാന്നിധ്യത്തിൽ ഇത്തരം ഒരു ഉപദേശം നൽകുന്ന നീ തീർച്ചയായും മര്യാദയില്ലാത്തവളാണ്'' (Butler, 1866).

ന്യായാധിപൻ പിന്നീട് മക്കളെ ഓരോരുത്തരായി വിളിക്കുകയും വാഗ്ദാനങ്ങളും ഭയപ്പെടുത്തലുകളും ഇടകലർത്തി

സംസാരിച്ചും അവരെ ദേവന്മാർക്ക് ബലിയർപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയും ചെയ്തു. മൂത്തവനായ ജനുവരിയസിനെ ആദ്യം ഉപദ്രവിച്ചെങ്കിലും അവൻ മറുപടിയായി പറഞ്ഞു: ‘‘നീ എന്നോട് ചെയ്യണമെന്ന് ഉപദേശിക്കുന്ന കാര്യം വലിയ വിഡ്ഢിത്തമാണ്. മാത്രവുമല്ല അത് എല്ലാ നീതിബോധത്തിനും വിരുദ്ധവുമാണ്. എന്റെ നാഥനായ യേശുക്രിസ്തുവിൽ ഞാൻ അഭയപ്പെടുന്നു. അവൻ അപ്രകാരമുള്ള അശുദ്ധതയിൽ നിന്നും എന്നെ സംരക്ഷിക്കുക തന്നെ ചെയ്യും.’’ പുബ്ലിയസ്, ജനുവരിയസിന്റെ വസ്ത്രമഴിച്ച് അവനെ ചാട്ടകൊണ്ട് അടിപ്പിച്ച് ജയിലിലേക്ക് മടക്കിയയച്ചു. രണ്ടാമത്തവനായ ഫെലിക്സിനെ വിളിച്ച് ബലി അർപ്പിക്കുന്നതിന് ആജ്ഞാപിച്ചു. അവൻ മറുപടിയായി പറഞ്ഞു: ‘‘ഒരു ദൈവം മാത്രമേ ഉള്ളു. അവന് ഞങ്ങളുടെ ഹൃദയത്തിന്റെ ബലി ഞങ്ങൾ അർപ്പിക്കുന്നു. യേശുക്രിസ്തുവിന് ഞങ്ങൾ കടപ്പെട്ടിരിക്കുന്ന സ്നേഹത്തിൽ നിന്ന് ഞങ്ങൾ ഒരിക്കലും പിന്മാറുകയില്ല. നിന്റെ എല്ലാ രീതികളും ഉപയോഗിക്കൂ. ക്രൂരതയുടെ എല്ലാ കണ്ടുപിടിത്തങ്ങളും പ്രയോഗിക്കൂ. എന്നാൽ നിനക്ക് ഒരിക്കലും ഞങ്ങളുടെ വിശ്വാസത്തെ മറികടക്കാനാകില്ല.’’

മറ്റു സഹോദരന്മാരും അവരുടെ ഉത്തരങ്ങൾ ഓരോരുത്തരായി പറഞ്ഞു. എന്തെന്നാൽ നീതിമാന്മാർക്കായി കാത്തുവച്ചിരിക്കുന്ന പ്രതിഫലം എപ്പോഴും അവരുടെ കൺമുൻപിലുണ്ടായിരുന്നു. ഏറ്റവും ഒടുവിലായി സംസാരിച്ച മാർസിയൽ പറഞ്ഞു: ‘‘ക്രിസ്തു സത്യദൈവമെന്ന് ഏറ്റുപറയാത്തവരെല്ലാം നിത്യ അഗ്നിയിൽ എറിയപ്പെടും.’’ സഹോദരരെയെല്ലാം ചാട്ടകൊണ്ടടിപ്പിച്ച് ജയിലിലടച്ചു. പുബ്ലിയസ് നടന്ന എല്ലാ കാര്യങ്ങളും ചക്രവർത്തിയെ അറിയിച്ചു. അതു മനസ്സിലാക്കിയ അന്തോണിനസ് ചക്രവർത്തി അവരെ ഓരോരുത്തരെയും വ്യത്യസ്ത ന്യായാധിപന്മാരുടെ അടുത്ത് അയക്കുന്നതിനും വിവിധ രീതിയിലുള്ള മരണത്തിനുമായി കൽപനയായി. ജനുവരിയസിനെ ഈയത്തിന്റെ വലിയ ഉണ്ടകൾ പിടിപ്പിച്ച ചാട്ടകൊണ്ടും അടിച്ച് കൊലപ്പെടുത്തി. ഫെലിക്സിനെയും ഫിലിപ്പിനെയും ഗദകൾകൊണ്ടും ചതച്ച് കൊലപ്പെടുത്തി. നാലാമനായ സിൽവാനോസിനെ ഒരു ചെങ്കുത്തായ സ്ഥലത്തു നിന്ന് താഴോട്ട് എറിഞ്ഞു. ഇളയവരായ അലക്സാണ്ടർ, വിറ്റാലിസ്, മാർസിയൽ എന്നീ മൂന്നുപേരെ ശിരച്ഛേദനം ചെയ്തു. നാലു മാസങ്ങൾക്കുശേഷം എ. ഡി. 164ൽ

ഫെലിസിറ്റാസിനെയും ശിരഛേദനം ചെയ്തു. ഫെലിസി റ്റാസിന്റെ ഓർമ്മ സുറിയാനിസഭ ജൂലൈ 10-ാംതീയതി ആചരിക്കുന്നു.

## 5. ബെഥാനിയായിലെ ലാസർ

### (എ. ഡി. 5? - 65?)

ബെഥാനിയായിലെ ലാസർ മാർത്തയുടെയും മറിയയുടെയും സഹോദരനായിരുന്നു (യോഹ.11:1-2). ഇവർ മൂന്നുപേരും ക്രി സ്തുവിന് പ്രിയപ്പെട്ടവരായിരുന്നു (യോഹ.11:5). യേശു അവരെ പലപ്പോഴും സന്ദർശിച്ചിരുന്നു (ലൂക്കൊ. 10:38-41; യോഹ. 11). ലാസറിന്റെ മരണത്തിൽ വിലപിക്കുന്നവരായി ധാരാളം ആളു കളുണ്ടായിരുന്നതിനാലും (യോഹ.11:19) മറിയ യേശുവിന്റെ പാദത്തിൽ വിലയേറിയ സുഗന്ധതൈലം പൂശിയതിനാലും (യോഹ. 12:3) ലാസറിന്റെ കുടുംബം വളരെ ധനസ്ഥിതിയു ള്ളതായി കരുതപ്പെടുന്നു.

യേശുവിന്റെ അസാന്നിധ്യത്തിൽ ലാസർ മരിച്ച് അടക്ക പ്പെട്ടു. മരിച്ച് നാലു ദിവസത്തിനുശേഷം യേശു, ലാസറിനെ കബറിൽനിന്ന് ജീവനുള്ളവനായി എഴുന്നേൽപ്പിച്ചു (യോഹ. 11:17, 43-44). ഇതു മുഖാന്തരമായി ധാരാളം യെഹൂദന്മാർ യേശുവിൽ വിശ്വസിക്കുന്നതിനിടയായി (യോഹ. 11:45-46). എന്നാൽ മറ്റു ചിലർ ഈ കാര്യങ്ങളെല്ലാം പരീശന്മാരെ അറി യിച്ചു. അവരോ തന്നെ കൊല്ലുന്നതിനായി ആ ദിവസം മുതൽ ആലോചന നടത്തിവന്നു (യോഹ. 11:53).

പെസഹായ്ക്ക് ആറു ദിവസം മുൻപ് യേശു, താൻ മരിച്ച വരുടെ ഇടയിൽനിന്നും ഉയർപ്പിച്ച ലാസർ പാർത്തിരുന്ന ബെ ഥാനിയയിൽ വന്നു. അവർ അവിടെ യേശുവിനായി ഒരു വിരു ന്നു നടത്തി. മാർത്ത പരിചരിച്ചുകൊണ്ടിരുന്നു. ലാസറും തന്നോ ടുകൂടെ പന്തിക്കിരുന്നവരിൽ ഒരുവനായിരുന്നു. മറിയം വളരെ വിലകൂടിയ മേൽത്തരം നറുദീൻ തൈലത്തിന്റെ ഒരു കുപ്പിയെടുത്ത് യേശുവിന്റെ പാദങ്ങളിൽ പൂശി അവളുടെ തലമുടികൊണ്ടു തുടച്ചു (യോഹ. 11:1-3). സാധാരണക്കാ

രായ കുറെ ആളുകൾ യേശുവിനെ കാണുന്നതിനു വേണ്ടി മാത്രമല്ല ഉയിർത്തെഴുന്നേറ്റ ലാസറിനെ കാണുന്നതിനുമായി അവിടെ വന്നു കൂടി (യോഹ 11:9). യേശുവിന്റെ യെരൂശലേമിലേക്കുള്ള യാത്ര കാണുന്നതിന് അത്യുത്സാഹത്തോടെ കാത്തിരിക്കുകയും മറ്റുള്ളവരെ അതിനായി പ്രേരിപ്പിക്കുകയും ചെയ്തു. ഈ കാരണങ്ങളാൽ ലാസറിനെ കൊല്ലണമെന്ന് പ്രധാനാചാര്യന്മാർ ആലോചിച്ചു (യോഹ. 11:10). എന്നാൽ അത് സാധിച്ചില്ല.

എപ്പിപ്പാനിയോസിന്റെ ഒരു പാരമ്പര്യമനുസരിച്ച് ലാസർ ഉയിർത്തെഴുന്നേറ്റപ്പോൾ മുപ്പതു വയസ്സുണ്ടായിരുന്നുവെന്നും അതിനുശേഷം മുപ്പതുവർഷം ജീവിച്ചിരുന്നുവെന്നും കരുതപ്പെടുന്നു (http://www.bible-history.com/isbe/L/LAZARUS/) ലാസർ വിശുദ്ധ പത്രോസ് ശ്ലീഹായെ സിറിയയിലേക്ക് അനുഗമിച്ചതായി വിശ്വസിക്കപ്പെടുന്നു. മറ്റൊരു പാരമ്പര്യമനുസരിച്ച്, ലാസറിനെയും സഹോദരിമാരെയും യെഹൂദന്മാർ ചോർച്ചയുള്ള ഒരു ബോട്ടിൽ കയറ്റി ജാഫയിലേക്ക് അയച്ചു. എന്നാൽ അവർ സുരക്ഷിതരായി സൈപ്രസിലെ ദ്വീപിലെത്തിച്ചേർന്നു. ലാസർ ലർണാക്കയിലെ മെത്രാപ്പോലീത്തയായി എന്നും മുപ്പതു വർഷത്തിനുശേഷം കാലം ചെയ്തുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട് (Thurston & Attwater, 1990, Vol. IV).

ആദിമ (പുതിയ നിയമ) സഭയിൽ ലാസറിന്റെ ഓർമ്മ യെരൂശലേമിലും പിന്നീട് സഭയിലെല്ലായിടത്തും ആചരിച്ചു വന്നിരുന്നുവെന്നതിന് തെളിവുകളുണ്ട്. ഒരു വനിതാ തീർത്ഥാടകയായ എത്തിരിസ് ഉദ്ദേശം ഏ. ഡി. 290ൽ രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ച് ഓശാന ഞായറാഴ്ചയുടെ മുൻപുള്ള ശനിയാഴ്ച ലാസറിനെ ഉയർപ്പിച്ച സ്ഥലത്തേക്ക് പ്രദക്ഷിണം നടന്നിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് (Thurston & Attwater, 1990, Vol. IV; Farmer, 1997). ബെഥാനിയയിലെ ലാസറിന്റെ ഓർമ്മ ഓശാന ശനിയാഴ്ച (ഓശാനയ്ക്കു മുൻപുള്ള ശനിയാഴ്ച) സുറിയാനിസഭ ആചരിക്കുന്നു.

# 6. രക്തസാക്ഷിയായ ലുസിയാനോസ്

**(c. ഏ. ഡി. 240? - 311)**

ലുസിയാനോസ് സിറിയയിലെ സമോസാറ്റയിൽ ഉദ്ദേശം ഏ. ഡി. 240ൽ ജനിച്ചു. കിഴക്കുള്ള ദൈവശാസ്ത്ര വിദ്യാലയങ്ങളിൽ മുൻപന്തിയിലായിരുന്ന അന്ത്യോഖ്യയിലെ വിദ്യാലയത്തിൽ ലുസിയാനോസ് പഠനം നടത്തി (Wace, 1911). തത്ത്വശാസ്ത്രത്തിലും തർക്കശാസ്ത്രത്തിലും ലുസിയാനോസ് വ്യുൽപത്തി നേടി. ലുസിയാനോസ് പുരോഹിതനായി വാഴിക്കപ്പെടുകയും പിന്നീട് ഡൊറൊത്തിയൊസിനോടുകൂടെ അന്ത്യോഖ്യായിലെ ദൈവശാസ്ത്ര വിദ്യാലയത്തിന്റെ തലവനാകുകയും ചെയ്തു. ലുസിയാനോസ് അന്ത്യോഖ്യായിൽ പുരോഹിതനായിരുന്നുവെങ്കിലും ഏ. ഡി. 303ൽ ഡയോക്ലീഷ്യൻ ക്രിസ്ത്യാനികൾക്കെതിരായി വിളംബരം പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹം നിക്കോമേദിയയിലായിരുന്നു.

പഴയനിയമ പുസ്തകങ്ങളുടെയും നാലു സുവിശേഷങ്ങളുടെയും ഗ്രീക്കു ഭാഷയിലെ ഒരു പരിഷ്കരിച്ച പതിപ്പ് ഡൊറൊത്തിയോസിന്റെ സഹായത്തോടെ ലുസിയാനോസ് തയ്യാറാക്കി (Attwater & John, 1996). പഴയനിയമ പുസ്തകങ്ങളിൽ പകർത്തിയെഴുതുന്നവരുടെ കൃത്യതയില്ലായ്മകൊണ്ടും മറ്റു പല കാരണങ്ങളാലും ധാരാളം തെറ്റുകൾ കടന്നുകൂടിയിരുന്നു (Thurston & Attwater, 1990, Vol. I). മേൽപ്പറഞ്ഞ പരിഷ്കരിച്ച പതിപ്പായിരുന്നു കുസ്തന്തീനോപോലീസിലും, ഏഷ്യാമൈനറിലും, അന്ത്യോഖ്യയിലുമുള്ള പള്ളികളിൽ ഉപയോഗത്തിലുണ്ടായിരുന്നത് (Wace, 1911).

ഡയോക്ലീഷ്യന്റെ പീഡന കാലഘട്ടത്തിൽ ലുസിയാനോസ് ഒൻപതു വർഷത്തോളം നിക്കോമേദിയയിൽ തടവിൽ കഴിഞ്ഞുകൂടി (Thurston & Attwater, 1990, Vol. I; Attwater & John, 1996). പതിനാലു ദിവസം ലുസിയാനോസിനെ പട്ടിണിക്കിടുകയും തുടർന്ന് വിഗ്രഹങ്ങൾക്ക് നിവേദിച്ച

മാംസം അദ്ദേഹത്തിനു ഭക്ഷിക്കാനായി നൽകുകയും ചെയ്തു. ലുസിയാനോസ് അതു തൊടുകപോലും ചെയ്തില്ല. വിഗ്രഹാർപ്പിതം ഭക്ഷിക്കുന്നത് വിലക്കപ്പെട്ടിട്ടില്ലെങ്കിലും (cf. 1 Cor. 8:113) ലുസിയാനോസിനെ പട്ടിണിക്കിട്ട് കൊല്ലുകയോ അതല്ലെങ്കിൽ സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസിന്റെ അഭിപ്രായത്തിൽ വാളാൽ കൊല്ലപ്പെടുകയോ ചെയ്തു. ലുസിയാനോസിന്റെ രക്തസാക്ഷി മരണം ബിഥിനിയായിലെ നിക്കോമേദിയയിൽ നടന്നതായി കരുതപ്പെടുന്നു. ലുസിയാനോസിന്റെ ഭൗതികശരീരം ഡ്രിപ്പാനം (ഹെലനോപോലീസ്) എന്ന സ്ഥലത്ത് കബറടക്കി (Thurston & Attwater, 1990, Vol. I; Attwater & John, 1996). ലുസിയാനോസിന്റെ ഓർമ്മ സുറിയാനിസഭ ഒക്ടോബർ 24-ാംതീയതി ആചരിക്കുന്നു.

## 7. അഗ്രജയായ മക്രീന

**(ഏ. ഡി. 270? – 340)**

മഹാനായ വിശുദ്ധ ബേസിലിന്റെയും, നിസയിലെ വിശുദ്ധ ഗ്രിഗറിയുടെയും, സെബസ്തയിലെ വിശുദ്ധ പത്രോസിന്റെയും, (ഇളയവളായ) വിശുദ്ധ മക്രീനയുടെയും വല്യമ്മയായ (അഗ്രജയായ) മക്രീന ഉദ്ദേശം ഏ. ഡി. 270ൽ ജനിച്ചു. വിശുദ്ധ ഗ്രിഗറി തൗമാറ്റുർഗിസ്, നിയൊകൈസര്യയിലെ മെത്രാപ്പോലീത്തയാകുന്നതുവരെ അവിടെയുണ്ടായിരുന്നവരെല്ലാം വിഗ്രഹാരാധനക്കാരായിരുന്നു.

വിശുദ്ധ ഗ്രിഗറിയുമായി പരിചയപ്പെടുകയും അതേ തുടർന്ന് മക്രീനയും ഭർത്താവും വിശുദ്ധ ഗ്രിഗറിയുടെ ആത്മീയ മക്കളായി തീരുകയും ചെയ്തു (Farmer, 1997). മക്രീന വിശുദ്ധ ഗ്രിഗറിയെ ഏറെ ബഹുമാനിക്കുകയും ആദരിക്കുകയും വിശുദ്ധ ഗ്രിഗറിയുടെ തിരുശേഷിപ്പ് ജീവിതകാലമെല്ലാം കൈയിൽ സൂക്ഷിക്കുകയും ചെയ്തു. വിശുദ്ധ ഗ്രിഗറി പകർന്നു നൽകിയ ആത്മീയ വെളിച്ചം മക്രീന അടുത്ത തലമുറയ്ക്ക് പകർന്നു കൊടുത്തു.

ആദിമ നൂറ്റാണ്ടുകളിലുണ്ടായ ഏറ്റവും കഠിന പീഡനങ്ങളായിരുന്ന മക്രീന നിയൊകൈസര്യയിൽ ജീവിച്ചിരുന്നപ്പോഴുണ്ടായത്. ഗലേറിയസിന്റെയും മാക്സിമിന്റെയും പീഡനത്തിൽ നിന്ന് മക്രീനയും ഭർത്താവും രക്ഷപെട്ട് പൊന്തൊസിലേക്കു ഓടിപ്പോകുകയും അവിടെ ഒരു ഉയർന്ന വനത്തിൽ ഏഴു വർഷം ചിലവഴിച്ചു (Wace, 1911). വലിയ ബുദ്ധിമുട്ടുകൾ അതിജീവിച്ച് പീഡനം അവസാനിക്കുന്നതിനായി പ്രാർത്ഥിച്ചുകൊണ്ട് ക്ഷമയോടെ കാത്തിരുന്നു. പച്ചക്കറികൾ ഭക്ഷിച്ചുകൊണ്ട് ഏഴു വർഷം വനത്തിൽ കഴിച്ചുകൂട്ടി. നസിയാൻസനിലെ വിശുദ്ധ ഗ്രിഗറി, മക്സിമിയാന്റെ പീഡനം ഏറ്റവും ഭയാനകവും കഠിനവുമായിരുന്നുവെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പീഡനങ്ങൾ ശമിച്ചപ്പോൾ മക്രീനയും കുടുംബവും ഏ. ഡി. 311ൽ നിയൊകൈസര്യയിലേക്ക് മടങ്ങി വന്നു. എന്നാൽ റോമൻ ഭരണാധികാരികൾ അവരുടെ എല്ലാ സ്വത്തുക്കളും കൈവശപ്പെടുത്തുകയും അവരെ വഴിയിലേക്ക് ഇറക്കി വിടുകയും ചെയ്തു. കുറച്ചു വസ്ത്രങ്ങൾ മാത്രം കൈമുതലായുണ്ടായിരുന്ന മക്രീന ദൈവകരുണയിൽ ആശ്രയിച്ച് ജീവിതം നയിച്ചു. തെരുവീഥികളിൽ യാചിച്ചും, നാണയതുട്ടുകൾക്കുവേണ്ടി കഥകൾ പറഞ്ഞും, മറ്റുള്ളവരുടെ മിച്ചം വന്നിരുന്ന ഭക്ഷണം സ്വീകരിച്ചും, വിഗ്രഹാരാധനക്കാരുടെ ആക്ഷേപവും അവഹേളനവും സഹിച്ചും ജീവിതം തള്ളി നീക്കി. താഴ്മയുടെയും സഹനത്തിന്റെയും പാഠങ്ങൾ മക്രീന ഈ കാലയളവിൽ സ്വായത്തമാക്കി. വിശുദ്ധ (അഗ്രജനായ) ബേസിലിനെ മക്രീന വളർത്തി. പ്രതിബന്ധങ്ങളുടെ മധ്യത്തിലും മക്രീന അവളുടെ വിശ്വാസവും പാരമ്പര്യങ്ങളും ബേസിലിനു പകർന്നു കൊടുത്തു. ബേസിൽ ഒരു അഭിഭാഷകനായും തർക്കശാസ്ത്ര അധ്യാപകനായും ജോലി ചെയ്തു. സുന്ദരിയും ദൈവഭക്തയുമായ എമീലിയയെ ബേസിൽ വിവാഹം കഴിച്ചു. അവരുടെ ഭവനം മറ്റുള്ളവരോടുള്ള ദയാനുകമ്പയിലും അതിഥി സൽക്കാരത്തിലും ദരിദ്രരോടുള്ള പരിഗണനയിലും ശ്രദ്ധേയമായിരുന്നു.

ബേസിലിന്റെയും എമീലിയായുടെയും മക്കൾ (മക്രീനയുടെ കൊച്ചുമക്കൾ) ഒൻപതു പേരെയും ക്രിസ്തീയ അന്തരീക്ഷത്തിൽ വളർത്തുകയും സങ്കീർത്തനങ്ങൾ പാരായണം ചെയ്യുന്നതിന് അഭ്യസിപ്പിക്കുകയും ചെയ്തു. വല്യമ്മയായ

മക്രീന കൊച്ചുമക്കളെ ക്രിസ്തീയ മൂല്യങ്ങൾ പരിശീലിപ്പിക്കുകയും അവളുടെ ആത്മീയ പിതാവായ വിശുദ്ധ ഗ്രിഗറിയെ സംബന്ധിച്ചുള്ള കഥകൾ പറഞ്ഞു കേൾപ്പിക്കുകയും ചെയ്തിരുന്നു. വല്യമ്മ പഠിപ്പിച്ച വിശ്വാസത്തെ മുറുകെ പിടിച്ച നാലു മക്കൾ വിശുദ്ധരായാണ് അറിയപ്പെടുന്നത്. (ഇളയവളായ) വിശുദ്ധ മക്രീന, മഹാനായ വിശുദ്ധ ബേസിൽ, നിസയിലെ വിശുദ്ധ ഗ്രിഗറി (ഗ്രിഗോറിയോസ്), സെബസ്തയിലെ വിശുദ്ധ പത്രോസ് (http://myocn.net/macrinaelder/).

വല്യമ്മയായ (അഗ്രജയായ) മക്രീന ഉദ്ദേശം ഏ. ഡി. 340ൽ നിര്യാതയായി. അവളുടെ കൊച്ചുമക്കളുടെ വിജയമോ സത്യവിശ്വാസ സംരക്ഷണ യത്നങ്ങളോ കാണുന്നതിനു അവൾക്കു സാധിച്ചില്ല. അവൾ എഴുത്തുകളോ പുസ്തകങ്ങളോ ധർമ്മോപദേശങ്ങളോ നമുക്കായി എഴുതിയിട്ടില്ല. എന്നാൽ അവൾ വിശ്വസിച്ച പ്രകാരം ജീവിക്കുകയും, അമ്മയെന്ന നിലയിലും വല്യമ്മയെന്ന നിലയിലും അവളുടെ മക്കൾക്കും കൊച്ചുമക്കൾക്കും സൽഗുണപാഠങ്ങൾ നൽകുകയും നല്ല മാതൃക കാണിച്ചുകൊടുക്കുകയും ആത്മീയ പിതാവിനെ സംബന്ധിക്കുന്ന കാര്യങ്ങൾ പറഞ്ഞു കേൾപ്പിച്ചും അചഞ്ചലമായ വിശ്വാസത്തിലും ജീവിക്കുകയും ചെയ്തു.

അഗ്രജയായ വിശുദ്ധ മക്രീനയുടെ ഓർമ്മ ജനുവരി 14, മെയ് 30 എന്നീ തീയതികളിൽ ആചരിക്കുന്നു.

## 8. തിബെയ്ദിലെ മെത്രാപ്പോലീത്ത പഫ്നൂഷ്യസ്

**(ഏ. ഡി. ? - c. 350?)**

ബുബാലസ് എന്നു വിളിക്കപ്പെട്ടിരുന്ന പഫ്നൂഷ്യസ് തിബെയ്ദിലെ മെത്രാപ്പോലീത്തയായിരുന്നു. ഇദ്ദേഹം ഒരു ഈജിപ്ഷ്യൻ സന്യാസിയും വിശുദ്ധ അന്തോണിയോസിന്റെ ശിഷ്യനുമായിരുന്നു (Cross & Livingstone, 1974; Thurston & Attwater, 1990, Vol. III).

മാക്സിമി(ണസി)ന്റെ പീഡയിൽ (ഏ. ഡി. 305-313) പഫ്നൂഷ്യസ് ഏറെ കഷ്ടതകൾ സഹിച്ചു. അദ്ദേഹത്തിന്റെ വലതു

കണ്ണ് നഷ്ടപ്പെടുകയും, ഒരു കാൽ സ്വാധീനമില്ലാതാകുകയും ഖനികളിൽ ജോലി ചെയ്യുന്നതിന് അയയ്ക്കപ്പെടുകയും ചെയ്തു (Thurston & Attwater, 1990, Vol. III).

ഏ. ഡി. 325ലെ നിഖ്യാസുന്നഹദോസിൽ പങ്കെടുത്ത പഫ്നൂഷ്യസിന്റെ അംഗഭംഗം സംഭവിച്ച ശരീരം അവിടെ വന്നു ചേർന്നവർ അതിശയത്തോടും ആരാധനയോടും കൂടെയാണ് നോക്കി കണ്ടത് (Wace, 1911; Cross & Livingstone, 1974). പഫ്നൂഷ്യസ് അറിയോസിന്റെ വേദവിപരീതത്തെ എതിർക്കുകയും അപ്പോസ്തോലിക വിശ്വാസം എരിവോടെ കാത്ത് സംരക്ഷിക്കുകയും ചെയ്തു. നിഖ്യാ സുന്നഹദോസിൽ പങ്കെടുത്തവരിൽ പേരെടുത്തു പറയേണ്ട വ്യക്തിയാണദ്ദേഹം. കുസ്തന്തീനോസ് ചക്രവർത്തി പഫ്നൂഷ്യസിനെ സത്യവിശ്വാസം ഏറ്റുപറഞ്ഞ വ്യക്തിയെന്ന നിലയിൽ ഏറെ ആദരിച്ചു (Wace, 1911).

പുരോഹിതന്മാർ അവിവാഹിതരായിരിക്കണമെന്ന ആശയത്തെ പഫ്നൂഷ്യസ് എതിർത്തിരുന്നു (Wace, 1911). പൗരോഹിത്യം സ്വീകരിക്കുന്നതിനു മുൻപ് വിവാഹിതരായിരുന്ന മെത്രാപ്പോലീത്തന്മാരും, പുരോഹിതന്മാരും, ശെമ്മാശന്മാരും അവരുടെ പത്നിമാരോടു കൂടെ ജീവിക്കുന്നത് തടയണമെന്ന പൊതുനിയമത്തെ വളരെ മെത്രാപ്പോലീത്തന്മാർ അനുകൂലിച്ചിരുന്നു. പഫ്നൂഷ്യസ് ആ നിയമത്തെ എതിർത്തുകൊണ്ടിപ്രകാരം പറഞ്ഞു: ‘‘പൗരോഹിത്യം സ്വീകരിച്ചതിനു ശേഷം വിവാഹം അനുവദിക്കരുതെന്നുള്ള സഭയുടെ പുരാതന പാരമ്പര്യം നിലനിർത്തുന്നത് ധാരാളം മതിയാകും. വിവാഹം കഴിച്ചവർക്ക് വിവാഹജീവിതം തന്നെ ചാരിത്ര്യമുള്ളതാണ്. പുരോഹിതന്മാരെയും അവരുടെ ഭാര്യമാരെയും തമ്മിൽ വേർപിരിക്കരുത്’’ (Thurston & Attwater, 1990, Vol. III, p. 539). വിവാഹിതർക്ക് എപ്പിസ്കോപ്പയ്ക്കു താഴെയുള്ള പൗരോഹിത്യ സ്ഥാനങ്ങൾ സ്വീകരിക്കാമെന്നും തുടർന്നും അവരുടെ ഭാര്യമാരോടുകൂടെ ജീവിക്കാമെന്നുള്ളതാണ് സുറിയാനി ഓർത്തഡോക്സ് സഭയുടെ ഇന്നുവരെയുള്ള നിയമം.

പഫ്നൂഷ്യസ് അലക്സന്ത്രിയായിലെ പാത്രിയർക്കീസായ അലക്സാണ്ടറിന്റെ സെക്രട്ടറിയായിരുന്ന വിശുദ്ധ അത്താനാസിയോസിന്റെ ഒരു അടുത്ത സുഹൃത്തായിരുന്നു. ഏ. ഡി. 325ൽ ശെമ്മാശനായിരുന്ന അത്താനാസിയോസാണ് ഏ. ഡി. 328ൽ

അലക്സാണ്ടർ പാത്രിയർക്കീസിന്റെ പിൻഗാമിയായി വാഴിക്കപ്പെട്ടത്. പഫ്നൂഷ്യസിന്റെ ഓർമ്മ സുറിയാനിസഭ ജൂലൈ 20-ാംതീയതി ആചരിക്കുന്നു.

## 9. റ്റെല്ലയിലെ മെത്രാപ്പോലീത്ത മോർ പൗലോസ്

### (എ. ഡി. ? - 617)

സുറിയാനി, ഗ്രീക്ക് ഭാഷകളിൽ വ്യുൽപ്പത്തിയുണ്ടായിരുന്ന പണ്ഡിതനായിരുന്നു മോർ പൗലോസ്. മോർ ശമുവേൽ മെത്രാപ്പോലീത്തായുടെ പിൻഗാമിയായി മോർ പൗലോസ് എ.ഡി. 610നും എ.ഡി. 615നുമിടയിൽ വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഭദ്രാസനത്തിൽ വളരെ കുറച്ചു വർഷങ്ങൾ മാത്രമാണ് അദ്ദേഹം സേവനമനുഷ്ഠിച്ചത്. കർത്ത്മീനിലെ ഒരു സന്യാസിയെഴുതിയ ചരിത്രത്തിൽ എ. ഡി. 615 ൽ ഉസിയിലെ ദാനിയേൽ റ്റെല്ല, ദാര, തുറബ്ദീൻ എന്നിവയുടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടുവെന്നും എ. ഡി. 622ൽ മോർ സഖായി റ്റെല്ലയുടെ മെത്രാപ്പോലീത്തയായിരുന്നുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട് (Aphrem I, 2003).

അലക്സന്ത്രിയാ സഭയുമായി അനുരഞ്ജനപ്പെടുന്നതിന് മോർ പൗലോസ് അത്തനാസിയോസ് ഒന്നാമൻ ഗമാലൊ (എ. ഡി. 595 - 631) പാത്രിയർക്കീസിനോടുകൂടെ പരിശ്രമിക്കുകയും എ. ഡി. 616ൽ ഒരു പൊതു പ്രഖ്യാപനം നടത്തുകയും ചെയ്തു. മോർ പൗലോസ് വിശുദ്ധ ഗ്രന്ഥം ഗ്രീക്ക് ഭാഷയിൽനിന്ന് സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. ഈ ശ്രദ്ധേയമായ വിവർത്തനം നടത്തിയത് അത്തനാസിയോസ് ഒന്നാമൻ പാത്രിയർക്കീസിന്റെ താൽപര്യപ്രകാരം അലക്സന്ത്രിയായിലോ വിശുദ്ധ അന്തോണിയോസിന്റെ ഏനാറ്റണിനടുത്തുള്ള സന്യാസ ആശ്രമത്തിലോ എ. ഡി. 615-617 കാലഘട്ടത്തിലെ പേർഷ്യൻ യുദ്ധത്തെ തുടർന്ന് ഈജിപ്റ്റിലേക്ക് പലായനം ചെയ്തപ്പോഴായിരുന്നു. വളരെ കൃത്യതയോടുകൂടെ വിവർത്തനം നടത്തുക മാത്രമല്ല ഗ്രീക്കു വിവർത്തനവുമായി ബന്ധപ്പെട്ട

അടിക്കുറുപ്പുകൾ ചേർക്കുകയും ചെയ്തു. ഈ ബ്രഹത്തായ ജോലിയിൽ വളരെ പേർ സഹായികളായി (പകർത്തിയെഴുത്തുകാരായി) ഉണ്ടായിരുന്നു. അവരിൽ പ്രധാനിയായിരുന്നു പാത്രിയർക്കീസിന്റെ സെക്രട്ടറിയായിരുന്ന തോമസ് ശെമ്മാശൻ. ദൈവശാസ്ത്രപരമായ തർക്കങ്ങളിൽ ഇപ്രകാരമുള്ള ഒരു വിവർത്തനം സുറിയാനി സഭയ്ക്ക് ആവശ്യമായിരുന്ന സന്ദർഭത്തിലായീരുന്നു ഏ. ഡി. 616 ഫെബ്രുവരി 14-ാം തീയതി രാജാക്കന്മാരെ സംബന്ധിക്കുന്ന നാലു പുസ്തകങ്ങളുടെ വിവർത്തനം പൂർത്തീകരിക്കപ്പെട്ടത്. സുറിയാനി സഭയുടെ ആരാധനാ ക്രമങ്ങളിൽ ഈ വിവർത്തനമാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് പഴയ രേഖകളിൽ കാണുന്നു (Aphrem I, 2003).

മോർ പൗലോസിന്റെ മേൽവിവരിച്ച വിവർത്തനത്തിന്റെ ഒരു സമ്പൂർണ്ണ പ്രതി വിശുദ്ധ മത്തായിയുടെ ദയറായിൽ സൂക്ഷിച്ചിരുന്നു (Aphrem I, 2003). അതിനു സമാനമായ ഒരു കോപ്പി ആൻഡ്രിയാസ് മാസിയസ്, എന്ന പുരാതന പൗരസ്ത്യദേശക്കാരന്റെ കൈവശമുണ്ടായിരുന്നതായി പതിനാറാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കണ്ടെത്തുകയുണ്ടായി. പ്രസിദ്ധീകരണത്തിനായി സുറിയാനിക്കാരനായ മൂസ അൽ-സൗറി മെത്രാപ്പോലീത്ത മാസിയസിന്റെ അടുക്കൽ കൊണ്ടുവന്ന പ്രതി ഒമ്പതാം നൂറ്റാണ്ടിൽ പകർത്തിയെഴുതിയതായിരിക്കാം ഇത്. ഏ. ഡി. 1573ൽ ആൻഡ്രിയാസ് നിര്യാതനായ ശേഷം ഒന്നാം വാല്യത്തിലെ യോശുവ, ന്യായാധിപന്മാർ, രാജാക്കന്മാർ, എസ്രാ, നെഹമിയാ, യൂദിത്ത്, തൂബിദ് എന്നീ പുസ്തകങ്ങൾ അപ്രത്യക്ഷമായി. മിലാനിലെ ഗ്രന്ഥശാലയിൽ രണ്ടാം വാല്യം സൂക്ഷിച്ചിട്ടുണ്ട്. അതിൽ സങ്കീർത്തനങ്ങൾ, ഈയോബ്, സഭാപ്രസംഗി, സദൃശവാക്യങ്ങൾ, പ്രവാചകന്മാരുടെ പുസ്തകങ്ങൾ എന്നിവ ഉൾപ്പെടുന്നു. ഈ വിവർത്തനത്തിന്റെ ഏതാനും ഭാഗങ്ങൾ ഫ്രാൻസിലെയും പാരീസിലെയും ഗ്രന്ഥശാലകളിലും ബ്രിട്ടീഷ് മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുണ്ട് (Aphrem I, 2003).

പൗരസ്ത്യരായ ഏതാനും പേർ ഏ. ഡി. 1787നും 1892നുമിടയിൽ ലഭ്യമായിരുന്ന യെരമ്യാ, ദാനിയേൽ, യെഹ്സ്കിയേൽ, സങ്കീർത്തനങ്ങൾ, യെശയ്യാ, സദൃശവാക്യങ്ങൾ, ഈയോബ്, ഉത്തമഗീതം, വിലാപങ്ങൾ, സഭാപ്രസംഗി, ന്യായാധിപന്മാർ,

രൂത്ത്, ഉൽപ്പത്തി (ഏതാനും ഭാഗങ്ങൾ), പുറപ്പാട്, സംഖ്യാ, യോശുവ, രാജാക്കന്മാർ എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിശുദ്ധ ഗ്രന്ഥം വിവർത്തനം ചെയ്യുന്നതിനു മുമ്പ് മോർ പൗലോസ് അന്ത്യോഖ്യായുടെ മോർ സേവേറിയോസ് പാത്രിയർക്കീസിന്റെ മാമോദീസ ക്രമത്തിന് ഒരു പുതിയ വിവർത്തനം തയ്യാറാക്കിയിരുന്നു. അതു കൂടാതെ മോർ പൗലോസ് മാമോദീസായുടെ ഒരു ക്രമവും വി. കുർബ്ബാന തക്സയും രചിച്ചിട്ടുണ്ട്. മോർ പൗലോസ് ശിഷ്ടായുസ്സ് ഈജിപ്റ്റിൽ ചിലവഴിച്ചതായി കരുതാം. റ്റെല്ലയിലെ മോർ പൗലോസിന്റെ ഓർമ്മ സുറിയാനിസഭ ഫെബ്രുവരി 15-ാം തീയതി ആചരിക്കുന്നു.

## 10. രക്തസാക്ഷിയായ അന്ത്യോഖ്യയിലെ വിശുദ്ധ റൊമാനോസ്

### (ഏ. ഡി.? - ഏ. ഡി. 303)

ഡയോക്ലിഷ്യന്റെ പത്താമത്തെ പീഡനത്തിൽ ഏ. ഡി. 303ൽ ധാരാളം വിശ്വാസികൾ രക്തസാക്ഷികളായി. ഡയോക്ലിഷ്യൻ എടുത്തു വളർത്തിയ മകനായ ഗലേറിയസിന്റെ വെറുപ്പും ഗലേറിയസിന്റെ അമ്മയുടെ പ്രേരണയും പീഡനത്തിന്റെ ആക്കം കൂട്ടി.

ടെർമിനാലിയ (ടെർമിനസ് എന്ന ദേവന്റെ ബഹുമാനാർത്ഥം നടത്തുന്ന ഒരു പുരാതന റോമൻ ഉത്സവം) ആഘോഷിക്കുന്ന ദിവസമായ ഫെബ്രുവരി 23-ാംതീയതി (ഏ. ഡി. 303) ആയിരുന്നു രക്തരൂക്ഷിതമായ പീഡനം ആരംഭിക്കുന്നതിന് നിശ്ചയിച്ചിരുന്ന ദിവസം. ക്രൂരന്മാരായ ജാതികൾ ക്രിസ്തുമതത്തിന്റെ അന്ത്യം അന്നു കുറിക്കുമെന്ന് വീമ്പിളക്കിയിരുന്നു. നിശ്ചയിച്ചിരുന്ന ദിവസം വളരെ ഉദ്യോഗസ്ഥരുടേയും സഹായികളുടെയും മേൽനോട്ടത്തിൽ നിക്കോമോദിയയിൽ പീഡനം ആരംഭിച്ചു. ക്രിസ്ത്യാനികളുടെ ദൈവാലയങ്ങളെല്ലാം കയ്യേറുകയും വിശുദ്ധ ഗ്രന്ഥങ്ങളെല്ലാം അഗ്നിക്കിരയാക്കുകയും ചെയ്തു. ഡയോക്ലിഷ്യന്റെയും ഗലേറിയസിന്റെയും സാന്നിധ്യത്തിൽ നടന്ന ഈ

അതിക്രമങ്ങളിൽ തൃപ്തിവരാതെ പള്ളികളെല്ലാം ഇടിച്ചു നിരത്തുകയുണ്ടായി.

മേൽവിവരിച്ച അതിക്രമങ്ങളെ തുടർന്ന് എല്ലാ ദൈവാലയങ്ങളും വിശുദ്ധഗ്രന്ഥങ്ങളും നശിപ്പിക്കുന്നതിന് ഒരു രാജകൽപന ഉണ്ടായി. ഒരാൾ ഈ രാജകൽപന പ്രദർശിപ്പിച്ചിരുന്ന സ്ഥലത്തു നിന്ന് അതു വലിച്ചുകീറി കളഞ്ഞു. ഇതിനുത്തരവാദിയായ വ്യക്തിയെ അറസ്റ്റു ചെയ്യുകയും ദണ്ഡിപ്പിക്കുകയും ജീവനോടെ ചുട്ടെരിക്കുകയും ചെയ്തു. ക്രിസ്ത്യാനികളെയെല്ലാം ബന്ധനത്തിലാക്കി. രാജകൊട്ടാരം തീയിടുന്നതിന് ഗലേറിയസ് രഹസ്യത്തിൽ നിർദ്ദേശം നൽകി. ക്രിസ്ത്യാനികളാണ് ഈ കൃത്യം ചെയ്തതെന്ന വ്യാജേന അവരെ കൂടുതൽ ദണ്ഡിപ്പിക്കുന്നതിനായിരുന്നു ഇപ്രകാരം ചെയ്തത്. ധാരാളം വീടുകൾ അഗ്നിക്കിരയാക്കുകയും ക്രിസ്ത്യാനികൾ അഗ്നിയിൽ ദഹിപ്പിക്കപ്പെടുകയും ചെയ്തു. മറ്റു ധാരാളം പേരെ കഴുത്തിൽ വലിയ കല്ലുകെട്ടി സമുദ്രത്തിൽ മുക്കിക്കൊന്നു.

മേൽപറഞ്ഞ പീഡനം പത്തുവർഷത്തോളം നീണ്ടുനിന്നു. എത്രപേർ രക്തസാക്ഷികളായെന്നോ ഏതെല്ലാം വിധത്തിൽ രക്തസാക്ഷികളായെന്നോ നിർണ്ണയിക്കുക അസാധ്യമാണ്. മരയഴി, ചമ്മട്ടി, വാൾ, കഠാരി, കുരിശ്, വിഷം, ദാരിദ്ര്യം എന്നിങ്ങനെ വിവിധങ്ങളായ രീതികളിലാണ് ക്രിസ്ത്യാനികളെ ഉന്മൂലനം ചെയ്യുന്നതിന് പ്രയോഗിച്ചത്. ക്രിസ്ത്യാനികൾ മാത്രമുണ്ടായിരുന്ന ഫ്രിജിയ പട്ടണം പൂർണ്ണമായും കത്തി നശിച്ചു.

പലസ്തീനിൽ ജനിച്ച റൊമാനോസ് ഡയോക്ലിഷ്യന്റെ പീഡനമാരംഭിച്ച സമയത്ത് കൈസര്യയിലെ ദൈവാലയത്തിൽ ശെമ്മാശനായിരുന്നു (Thurston & Attwater, 1990, Vol. IV). ഡയോക്ലിഷ്യൻ ക്രിസ്ത്യാനികൾക്കെതിരായി അഴിച്ചുവിട്ട ഒരു പീഡനസമയത്ത് റൊമാനോസ് അന്ത്യോഖ്യയിൽ വന്നു താമസിക്കുകയും ക്രിസ്ത്യാനികളെ ധൈര്യപ്പെടുത്തുകയും സ്വന്തം മാതൃകകൊണ്ടും പ്രസംഗംകൊണ്ടും വിശ്വാസത്തിൽ ഉറപ്പിക്കുകയും ചെയ്തു (http://www.biblestudytools.com/history/foxsbookofmartyrs/thetenthpersecutionunderdiocletianad303.html; https://www.holytrinityorthodox.com/calendar/los/November/1802.htm).

അന്ത്യോഖ്യയിലെ ഗവർണറായ അസ്‌ക്ലിപിയാഡസ് ഒരു ക്രിസ്തീയ ദൈവാലയം നശിപ്പിക്കുന്നതിന് ശ്രമിച്ചപ്പോൾ റൊമാനോസ് വിശ്വാസികളെ അതിനെതിരായി സംഘടിപ്പിച്ചു. ഈ ദൈവാലയം സംരക്ഷിക്കുന്നതിന് നിങ്ങൾ പരിശ്രമിച്ചാൽ ഭൂമിയിൽ സന്തോഷമുണ്ടാകുമെന്നും ഈ പ്രതിരോധ ശ്രമത്തിൽ മരിച്ചാൽ സ്വർഗ്ഗീയ സഭയിൽ സന്തോഷമുണ്ടാകുമെന്നും അവരെ ഉൽബോധിപ്പിച്ചു.

ജാതികളുടെ ഉത്സവമായ ടെർമിനാലിയ പട്ടണത്തിൽ ആരംഭിച്ചതിനാൽ ചുറ്റുപാടുമുള്ള സ്ഥലങ്ങളിൽ നിന്നും അനേകർ അന്ത്യോഖ്യയിൽ വന്നിരുന്നു. റൊമാനോസ് വിഗ്രഹാരാധനയെ തള്ളിപറയുകയും ക്രിസ്തുവിനെ അനുഗമിക്കുന്നതിന് ആഹ്വാനം ചെയ്യുകയും ചെയ്തു. അവർ റൊമാനോസിനെ അറസ്റ്റ് ചെയ്യുകയും ഉപദ്രവമേൽപിക്കുകയും ചെയ്തു. ഈ പീഡനത്തിനിടയിൽ റൊമാനോസ് ക്രിസ്ത്യാനിയായിരുന്ന ബെറുലാസ് എന്ന ബാലനെ കണ്ടിട്ട് രാജാവിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: ഈ ബാലൻ വാർധക്യത്തിലെത്തിയിരിക്കുന്ന നിങ്ങളെക്കാൾ സമർത്ഥനാണ്. ഇവന് സത്യദൈവത്തെ അറിയാം. എന്നാൽ താങ്കൾ വെറും വിഗ്രഹങ്ങളെയാണ് ആരാധിക്കുന്നത്. അസ്‌ക്ലിപിയാഡസ് ആ ബാലനെ അദ്ദേഹത്തിന്റെ അടുത്തേക്കു കൊണ്ടുവരുന്നതിന് ഉത്തരവായി. ഗവർണറുടെ എല്ലാ ചോദ്യങ്ങൾക്കും ബറുലാസ് നിർഭയമായും പതറാതെയും ക്രിസ്തുവാണ് സത്യദൈവമെന്ന് ഏറ്റുപറഞ്ഞു. അസ്‌ക്ലിപിയാഡസ് ബറുലാസിനെ കഠിനമായി ചാട്ടകൊണ്ടടിക്കുന്നതിനും തുടർന്ന് ശിരഛേദനം ചെയ്യുന്നതിനും കൽപനയായി. അവിടെ സന്നിഹിതയായിരുന്ന അമ്മയോട് ബറുലാസിന് എന്തെങ്കിലും കുടിക്കുന്നതിന് നൽകാൻ ആവശ്യപ്പെട്ടെങ്കിലും നാഥനായ യേശുക്രിസ്തുവിനുവേണ്ടി ആ പീഡകളെല്ലാം സഹിക്കുന്നതിന് അവനെ ശാന്തനാക്കി. ബറുലാസിന്റെ മാതാവുതന്നെ മകന്റെ തലവെട്ടുന്നതിനു തല വെട്ടുതടിയിൽ വയ്ക്കുകയും ശിരഛേദനത്തിനുശേഷം മകന്റെ സംസ്കാരം നടത്തുകയും ചെയ്തു.

മറ്റൊരു വിവരണമനുസരിച്ച് റൊമാനോസിനെ അന്ത്യോഖ്യയിൽ വച്ച് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ശരീരം കൊളുത്തുകളാലും, ഇരുമ്പുപീപ്പുകളാലും, കത്തികളാലും കുത്തികീറുകയും, പല്ലുകൾ അടിച്ചു തകർക്കുകയും മുടികൾ പറിച്ചെ

ടുക്കുകയും ചെയ്തു. ഏ. ഡി. 303 നവംബർ 17–ാം തീയതി റൊമാനോസിനെ കഴുത്തുഞെരിച്ച് കൊല്ലുന്നതിന് ഉത്തരവായി. തുടർന്ന് രക്തസാക്ഷിയായ റൊമാനോസിനെ ദഹിപ്പിക്കുന്നതിനു വിധിക്കപ്പെട്ടുവെങ്കിലും പെട്ടെന്ന് ശക്തിയായ മഴപെയ്ത് തീ കെട്ടുപോകുകയും ചെയ്തു. വിശുദ്ധൻ ദൈവത്തെ മഹത്വപ്പെടുത്തുകയും ജാതികളുടെ ദേവന്മാരെ അധിക്ഷേപിക്കുകയും ചെയ്തു. തുടർന്ന് റൊമാനോസിന്റെ നാവു മുറിച്ചു മാറ്റുന്നതിന് ഉത്തരവായി (Thurston & Attwater, 1990, Vol. IV). എന്നാൽ നാവു മുറിച്ചു മാറ്റിയിട്ടും റൊമാനോസ് നാഥനെ സ്തുതിച്ച് പുകഴ്ത്തി. തുടർന്ന് പീഡകർ റൊമാനോസിനെ തൂക്കിക്കൊന്നു. റൊമാനോസിന്റെ ഓർമ്മ സുറിയാനിസഭ മാർച്ച് 15, നവംബർ 18 എന്നീ തീയതികളിൽ ആചരിക്കുന്നു.

## 11. അലക്സന്ത്രിയായിലെ മോർ തിമോഥിയോസ്
### (ഏ. ഡി.? - 477)

തിമോഥിയോസ് അലക്സന്ത്രിയായിലെ മോർ ദിയസ്ക്കോറോസിന്റെ (d. 454) കീഴിലുള്ള ഒരു വൈദികനായിരുന്നു. ഏ. ഡി. 451ലെ കൽക്കദൂനാ സുന്നഹദോസിനെ തുടർന്ന് അതിനെ അനുകൂലിക്കാതിരുന്ന ദിയസ്ക്കോറോസും തിമോഥിയോസും ലിബിയയിലേക്കു നാടുകടത്തപ്പെട്ടു.

ഏ. ഡി. 457 ജനുവരിയിൽ മർക്കിയാൻ ചക്രവർത്തി നിര്യാതനായശേഷം തിമോഥിയോസ് അലക്സന്ത്രിയായിലേക്കു മടങ്ങിവന്നു. തുടർന്ന് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ദിയസ്ക്കോറോസിന്റെ പിൻഗാമിയായി കൽക്കദൂനാ അനുഭാവികൾ വാഴിച്ച പ്രൊത്തിരിയസ് വധിക്കപ്പെട്ടു. കലുഷിതമായ ആ കാലഘട്ടത്തിൽ അലക്സന്ത്രിയായിലെ ഭരണച്ചുമതല മോർ തിമോഥിയോസ് നിർവ്വഹിക്കുകയും കൽക്കദൂനാ സുന്നഹദോസിന്റെ തീരുമാനങ്ങളെ സ്വീകരിച്ച മെത്രാപ്പോലീത്തന്മാരുമായും വൈദികരുമായും യാതൊരു വിധത്തിലും സഹകരിക്കരുതെന്ന് കൽപനയിറക്കുകയും ചെയ്തു.

നെസ്തോറിന്റെ ഇരുസ്വഭാവവാദത്തെ അംഗീകരിക്കുന്നവരുമായി യാതൊരു സമ്പർക്കവും പാടില്ലെന്ന് മോർ തിമോഥിയോസിന് നിർബന്ധമുണ്ടായിരുന്നു. ഏതാനും മേൽപ്പട്ടക്കാരെയും വൈദികരെയും ലിയോ ചക്രവർത്തിയുടെ അടുക്കൽ അയയ്ക്കുകയും അലക്സന്ത്രിയായിലെ പള്ളികളും ദയറാകളും ദൈവകാരുണ്യത്താൽ പരിപൂർണ്ണ സമാധാനത്തിലാണെന്നും അവരും അവരുടെ പ്രധാന മേലധ്യക്ഷനും നിഖ്യാവിശ്വാസപ്രമാണത്തെ മുറുകെ പിടിക്കുന്നുവെന്നും അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കുന്നതിനോ മാറ്റം വരുത്തുന്നതിനോ സമ്മതിക്കില്ലെന്നും അറിയിച്ചു. കൽക്കദൂനാ സുന്നഹദോസിനെ അലക്സന്ത്രിയായിലെ സഭ അംഗീകരിക്കുന്നില്ലെന്നും രേഖപ്പെടുത്തിയിരുന്നു.

മറ്റു ചില തെളിവുകൾ പരിശോധിച്ചാൽ കൽക്കദുനാ സുന്നഹദോസിനുള്ള അംഗീകാരം പിൻവലിക്കണമെന്നും, ഒരു പുതിയ സുന്നഹദോസ് വിളിച്ചു ചേർക്കണമെന്നും മോർ തിമോഥിയോസ് ലിയോ ചക്രവർത്തിയോട് ആവശ്യപ്പെട്ടിരുന്നു. അലക്സന്ത്രിയായിലെ ജനങ്ങളും, സാമൂഹ്യ നേതാക്കന്മാരും മോർ തിമോഥിയോസ് അലക്സന്ത്രിയായിലെ മെത്രാപ്പോലീത്തായായി തുടരണമെന്നാഗ്രഹിച്ചിരുന്നു. എന്നാൽ ലിയോ ചക്രവർത്തി മേൽപറഞ്ഞ അപേക്ഷകളടങ്ങിയ നിവേദനപത്രം അന്ത്യോഖ്യാ, കുസ്തന്തീനോസ്പോലീസ്, റോം എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താമാർക്കും, 55 വൈദികർക്കും, മൂന്ന് സന്യാസശ്രേഷ്ഠന്മാർക്കും {അവരിലൊരാൾ ശെമവൂൻ ദെസ്തുനോയാണ് (d. 459)} അവരുടെ അഭിപ്രായം ആരായുന്നതിനായി അയച്ചുകൊടുത്തു. അവരുടെ പ്രതികരണങ്ങൾ മോർ തിമോഥിയോസിന് അനുകൂലമായിരുന്നില്ല.

ഏ. ഡി. 460ൽ ലിയോ ഒന്നാമൻ ചക്രവർത്തി മോർ തിമോഥിയോസിനെ സഭയിൽനിന്നും പുറത്താക്കുന്നതിനും മറ്റൊരു മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനും അലക്സന്ത്രിയായിലെ സേനാപതിയായ സ്റ്റിലാസിന് (Stilas) ഉത്തരവു നൽകി. തുടർന്ന് മോർ തിമോഥിയോസിനെ സഹോദരനായ അനാറ്റോലിയസിനോടുകൂടെ ആദ്യം ഗാംഗാറയിലേക്കും വീണ്ടും സഭയിൽ കലഹമുണ്ടാകുകയാൽ മർസൂഹ്യാ എന്ന ചെർസോണിസസ് തീരദേശ ഗ്രാമത്തിലേക്കും നാടുകടത്തി (Wace & Piercy, 1999).

ഏ. ഡി. 475ൽ സെനോ (Zeno) ചക്രവർത്തിയായി സ്ഥാനമേറ്റപ്പോൾ മോർ തിമോഥിയോസിനെ കുസ്തന്തീനോസ്പോലീസിലേക്കു ക്ഷണിക്കുകയും അദ്ദേഹത്തിന്റെ അനുയായികൾ ഉത്സാഹപൂർവ്വം 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ' എന്ന അഭിവാദനത്തോടെ സ്വീകരിക്കുകയും ചെയ്തു. അവിടത്തെ പാർത്രിയർക്കീസായ അക്കാസിയസ് (Acacius) തിമോഥിയോസിനെ പ്രവേശിപ്പിക്കാതിരിക്കുന്നതിനു പള്ളികളെല്ലാം അടച്ചിട്ടു. ഈ സാഹചര്യത്തിൽ മോർ തിമോഥിയോസ് ഭവനങ്ങളിൽ ആരാധന നടത്തിവന്നു.

അന്ത്യോഖ്യായുടെ മോർ യൂഹാനോനും (d. 442) അലക്സന്ത്രിയായിലെ മോർ കൂറിലോസും (d. 444) ഏറ്റുപറഞ്ഞ "ശരീരംധരിച്ച പിതാവിനോടു സമത്വമുള്ള വചനം" എന്ന വിശ്വാസത്തെ മോർ തിമോഥിയോസ് അംഗീകരിച്ച് ഏറ്റുപറഞ്ഞു. കുസ്തന്തീനോസ്പോലീസിൽനിന്ന് അലക്സന്ത്രിയായിലേക്കുള്ള യാത്രയിൽ എഫെസോസിലെ സഭ സന്ദർശിക്കുകയും കൽക്കദൂനാ സുന്നഹദോസിന്റെ 28-ാം കാനോൻ പ്രകാരം എഫെസോസിലെ സഭ കുസ്തന്തീനോസ്പോലീസിന് വിധേയപ്പെടണമെന്ന നിബന്ധന അസാധുവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അലക്സന്ത്രിയായിൽ തിരികെ എത്തി ഏറെ നാൾ കഴിയുന്നതിനുമുമ്പ് ഏ. ഡി. 477ൽ കാലംചെയ്തു. ഈ പരിശുദ്ധന്റെ ഓർമ്മ ജൂൺ 10-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു

## 12. രക്തസാക്ഷിയായ റോമിലെ വിശുദ്ധ ക്സൊസ്തോസ് രണ്ടാമൻ

**(ഏ. ഡി. ? - c. ഏ. ഡി. 258)**

ക്സൊസ്തോസ് രണ്ടാമൻ, സ്തേഫാനോസ് ഒന്നാമനു ശേഷം ഒരു വർഷത്തോളം റോമിലെ മെത്രാപ്പോലീത്തയായിരുന്നു. ഏ. ഡി. 258 ആഗസ്റ്റ് 6-ാം തീയതി വലേറിയൻ ചക്രവർത്തിയുടെ കാലഘട്ടത്തിൽ രക്തസാക്ഷിയായി (Wace, 1911; Thurston & Attwater, 1990, Vol. III).

ഏ. ഡി. 257 ആഗസ്റ്റ് 31-ാം തീയതി ക്സൊസ്തോസ് സിംഹാസനാരൂഢനായി. ക്സൊസ്തോസിന്റെ മുൻഗാമിയായിരുന്ന മോർ സ്തേഫാനോസ് കാർത്തേജിലെ സിപ്രിയാനുമായി വേദവിപരീതികളുടെ മാമോദീസായുടെ (വേദവിപരീതികളുടെ പുനർ മാമോദീസായുടെ?) സാധുതയെ സംബന്ധിച്ച് ഒരു വിവാദത്തിൽ ഉൾപ്പെട്ടിരുന്നു.

വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നതിന് ക്രിസ്ത്യാനികൾ ഭൂഗർഭഗുഹകളിൽ സമ്മേളിക്കുന്നത് വലേറിയൻ ചക്രവർത്തി ഏ. ഡി. 257ൽ നിരോധിച്ചിരുന്നു. ഏ. ഡി. 258ന്റെ മദ്ധ്യത്തിൽ പേർഷ്യൻ യുദ്ധത്തിനൊരുങ്ങുന്ന സന്ദർഭത്തിൽ കൂട്ടായ്മകൾ നടത്തുന്ന മെത്രാപ്പോലീത്തന്മാരെയും, പുരോഹിതന്മാരെയും, ശെമ്മാശന്മാരെയും വധിക്കുന്നതിന് വലേറിയൻ ഉത്തരവിറക്കിയിരുന്നു. ക്രിസ്തീയമതം ഉപേക്ഷിക്കുന്നതിന് സന്നദ്ധരാകാത്ത ഉദ്യോഗസ്ഥന്മാരെയെല്ലാം വധിക്കുമെന്നും, നാടുകടത്തുമെന്നും, ബന്ധിച്ച് തൊഴിലെടുപ്പിക്കുമെന്നും ഭീഷണിപ്പെടുത്തിയിരുന്നു.

ക്സൊസ്തോസ് തന്റെ വിശ്വാസികളോട് പ്രസംഗിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ പട്ടാളക്കാർ ക്സൊസ്തോസിനെ ബന്ധനത്തിലാക്കി (Wace, 1911; Thurston & Attwater, 1990, Vol. III; Farmer, 1997). ശെമ്മാശന്മാരായ ജനേറിയസ്, വിൻസെന്റ്, മാഗ്നസ്, സ്റ്റീഫൻ എന്നിവരോടൊപ്പം ക്സൊസ്തോസ് ശിരച്ഛേദനം ചെയ്യപ്പെട്ടു (Wace, 1911; Thurston & Attwater, 1990, Vol. III).

പരിശുദ്ധ പത്രോസ് ശ്ലീഹായ്ക്കു ശേഷം ഏറെ ആദരിക്കപ്പെടുന്ന ഒരു രക്തസാക്ഷിയാണ് വിശുദ്ധ ക്സൊസ്തോസ്. സുറിയാനിസഭയിൽ ഉപയോഗത്തിലിരിക്കുന്ന ഒരു വി. കുർബ്ബാന തക്സാ ഇദ്ദേഹം രചിച്ചതാണ് (Aphrem I, 2003). വിശുദ്ധ ക്സൊസ്തോസിന്റെ ഓർമ്മ സുറിയാനിസഭ ആഗസ്റ്റ് 1-ാം തീയതി ആചരിക്കുന്നു.

# 13. മോർ ദീവന്നാസിയോസ് യാക്കോബ് ബർസ്ലീബി
## (ഏ.ഡി. ? – 1171)

(യാക്കോബ്) ബർസ്ലീബി ടർക്കിയിലെ മെലിറ്റിനിൽ ജനിച്ചു. ഇദ്ദേഹം ഭാഷാശാസ്ത്രം, ചരിത്രം, തത്വശാസ്ത്രം, ദൈവശാസ്ത്രം നിയമശാസ്ത്രം എന്നിവ മെലിറ്റിനിൽ തന്നെ പഠിച്ചു,

ഇദ്ദേഹം ശെമ്മാശപട്ടം സ്വീകരിക്കുകയും മർദ്ദീനിലെ മെത്രാപ്പോലീത്തയായിരുന്ന യൂഹാനോന്റെ പുസ്തകത്തിലെ വാദഗതികളെ ഖണ്ഡിച്ചുകൊണ്ടുള്ള എഴുത്തുകളുടെ അടിസ്ഥാനത്തിൽ പ്രഗത്ഭരായ ദൈവശാസ്ത്രജ്ഞന്മാരിൽ ഒരുവനായി അംഗീകരിക്കപ്പെടുകയും ചെയ്തു. ആ വിശകലനത്തിൽ എഡേസ്സയെ ബാധിച്ച ദുരിതങ്ങൾക്ക് ദൈവഹിതവുമായി ബന്ധമൊന്നുമില്ലെന്ന് സമർത്ഥിച്ചിരുന്നു. ഈ വിശകലനങ്ങൾ സഭാവിശ്വാസവുമായി ഒത്തുപോകുന്നതാണെന്നതിനാൽ ഏറെ പ്രശംസിക്കപ്പെട്ടു. തൽഫലമായി പാത്രിയർക്കീസ് അത്തനാസിയോസ് VII (ഏ.ഡി. 1138–1166) യാക്കോബ് ബർസ്ലീബായെ വൈദികനായും അതിനുശേഷം ഏ.ഡി. 1148ൽ മാർഷ് (ജർമീസിയ) ഭദ്രാസനത്തിനുവേണ്ടി ദീവന്നാസിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു (Aphrem I, 2003; *Encyclopaedia Britannica*, 2001).

ഏ.ഡി. 1115ൽ മാബുഗ് ഭദ്രാസനം മാർഷ് ഭദ്രാസനത്തിനോട് ചേർക്കപ്പെട്ടു. അടുത്ത വർഷം ഒരു അർമ്മേനിയൻ സംഘം മാർഷ് ആക്രമിക്കുകയും മോർ ബർസ്ലീബി ഉൾപ്പടെയുള്ള ജനങ്ങൾ കവർച്ച ചെയ്യപ്പടുകയും ചെയ്തു. ഏ.ഡി. 1167ൽ ഇദ്ദേഹത്തെ ആമീദിലേക്ക് (ഡയർ ബക്കർ) നിയമിച്ചു. ആമീദിലെ (Amid) പള്ളി ഇദ്ദേഹം പുനരുദ്ധരിച്ചു.

മോർ ബർസ്ലീബി ഒരു എഴുത്തുകാരനും വളരെ പാണ്ഡിത്യമുള്ള വ്യക്തിയുമായിരുന്നു. ഇദ്ദേഹം ഒരു സത്യസുറിയാനിക്കാരനും സ്വന്തജനത്തെ സ്നേഹിക്കുകയും ഏഴുത്തുകളാ

ലും പ്രഭാഷണങ്ങളാലും തന്റെ ജീവാവസാനംവരെ അവരെ സത്യവിശ്വാസത്തിൽ നിലനിർത്തുകയും ചെയ്തു.

മഹാനായ പാത്രിയർക്കീസ് മീഖായേൽ റാബോയും (ഏ.ഡി.1166-1199) ബാർ എബ്രായയും (d. A.D. 1286) മോർ ബർസ്ലീബിയെ വളരെ ശ്ലാഘിച്ചിരുന്നു. ''ബർസ്ലീബി ഒരു തർക്കശാസ്ത്ര നിപുണനും യഥാർത്ഥ ഗുരുവും ആ കാലഘട്ടത്തിലെ ഒരു നക്ഷത്രവുമായിരുന്നു. ഇദ്ദേഹം ധാരാളം പുസ്തകങ്ങളും വ്യാഖ്യാനങ്ങളും എഴുതുകയും ചെയ്തു . . . ഇദ്ദേഹത്തിന്റെ നിര്യാണം സഭയെ തീരാനഷ്ടത്തിൽ ആഴ്ത്തി (Aphrem I, 2003, p. 432).

മോർ ബർസ്ലീബി പദ്യങ്ങൾ, പ്രാർത്ഥനകൾ, ധർമ്മോപദേശങ്ങൾ, ആരാധനാക്രമങ്ങൾ, വിശുദ്ധ കുർബ്ബാനയുടെ വ്യാഖ്യാനം, വേദവിപരീതത്തിനെതിരായ പ്രബന്ധങ്ങൾ പഴയ പുതിയ നിയമങ്ങളുടെ വ്യാഖ്യാനങ്ങൾ എന്നിവ രചിച്ചിട്ടുണ്ട് (*Encyclopaedia Britannica*, 2001). ഇദ്ദേഹത്തിന്റെ രചനകൾ നെസ്തോറിയർ, കൽക്കിദുനിയർ എന്നിങ്ങനെയുള്ള സുറിയാനി സഭാ വിശ്വാസത്തിന്റെ വൈരികൾക്കെതിരെ മാത്രമല്ല. യെഹൂദന്മാർ ഇസ്ലാം മതം എന്നിവയ്ക്കെതിരെയുമായിരുന്നു. ഇദ്ദേഹം എഡേസ്സായിലെ യാക്കോബിനെപോലെ (d. A.D. 708) രചനകളെ സ്നേഹിക്കുന്നവനും പന്ത്രണ്ടാം നൂറ്റാണ്ടിലെ ഏറെ അവഗാഹമുള്ള സുറിയാനി സഭാ പിതാവുമായിരുന്നു.

മോർ ദീവന്നാസിയോസ് യാക്കോബ് ബർസ്ലീബിയുടെ പ്രധാനപ്പെട്ട രചനകളാണ്:

(1) പഴയ നിയമപുസ്തകങ്ങളുടെ വ്യാഖ്യാനം, (2) പുതിയ നിയമ പുസ്തകങ്ങളുടെ വ്യാഖ്യാനം, (3) ത്രിത്വം, ജഡധാരണത്തിന്റെ രഹസ്യം, ജീവവൃക്ഷം, മാലാഖമാരും പിശാചുകളും, പൗരോഹിത്യം, സൂര്യൻ, ചന്ദ്രൻ, പുനരുത്ഥാനവും ന്യായവിധിയും, സ്ലീബാ, മൂറോൻ, മാമോദീസാ എന്നിങ്ങനെ ദൈവശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുന്ന പുസ്തകം, (4) വി. കുർബ്ബാനയുടെ വ്യാഖ്യാനം (5) പരിശുദ്ധ മീഖായേൽ റാബോ പാത്രിയർക്കീസ് ബാവായ്ക്ക് സമർപ്പിച്ച അപ്പോസ്തോലിക കാനോനുകളും സുന്നഹദോസുകൾ ക്രോഡീകരിച്ച കാനോനുകളും, (6) വി. കുർബ്ബാനയുടെ രണ്ടു ക്രമങ്ങൾ - ഒന്ന് ''കർത്താവേ! ഈ സമയത്ത് സ്നേഹവും ഐകമത്യവും''

എന്നു തുടങ്ങുന്നതും രണ്ടാമത്തേത് ''യഥാർത്ഥവും അത്യന്തിക സ്നേഹവുമായ നാഥാ'' എന്നു തുടങ്ങുന്നതും (7) സഭയുടെ ശുദ്ധീകരണം, ജനനപ്പെരുന്നാളിലെ മൂന്നാം മണി നേരത്തെ പ്രാർത്ഥന, മോർ ബർസൗമയുടെ ഓർമ്മദിനം. അബ്ഗാർ രാജാവിന്റെ ഓർമ്മ (പാതിബുധൻ), നാൽപതു സഹദേന്മാരുടെ ഓർമ്മ എന്നിവയുള്ള ഹൂസോയൊ പ്രാർത്ഥനകളും ക്രമീകരിച്ചിട്ടുണ്ട്.

പടിഞ്ഞാറൻ സുറിയാനി പാരമ്പര്യത്തിൽ പ്രമുഖരായ മോറാൻ മീഖായേൽ റാബോ (d. 1199) മോർ ഗ്രീഗോറിയോസ് ബാർ എബ്രായ (d. 1286) എന്നിവരോടുകൂടെ ഗണിക്കപ്പെടുന്ന പന്ത്രണ്ടാം നൂറ്റാണ്ടിലെ പ്രധാനിയാണ് മോർ ദീവന്നാസിയോസ് ബർസ്ലീബി. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലും സുറിയാനി ഭാഷയുടെ ഉയിർത്തെഴുന്നേൽപ്പാണ് ഈ മൂന്നു പേരിലൂടെയും സംഭവിച്ചതെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. അതിനാൽ തന്നെ സമകാലീനരായ ഇളയ തലമുറക്കാർ മോർ ബർസ്ലീബിയെ ''ആ കാലഘട്ടത്തിലെ നക്ഷത്രം'' എന്നു വിളിക്കുന്നു (Kurian, 2011)

മോർ ദീവന്നാസിയോസ് ബർസ്ലീബി ഏ.ഡി. 1171 നവംബർ 28-ാം തീയതി കാലംചെയ്ത് ആമീദിലെ പള്ളിയിൽ കബറടക്കപ്പെട്ടു (Aphrem I, 2003). മോർ ബർസ്ലീബിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 28-ാം തീയതി സുറിയാനി സഭ ആഘോഷിക്കുന്നു.

## 14. മഹാനായ കുസ്തന്തീനോസ് (I) ചക്രവർത്തി

**(ഏ.ഡി. 274? - 337)**

കുസ്തന്തീനോസ് ഒന്നാമൻ ഏ.ഡി. 274 ഫെബ്രുവരി 27-ാം തീയതി നിസയിൽ ജനിച്ചു (Nissya, Upper Moesia). പട്ടാളത്തിൽ ഉദ്യോഗസ്ഥനായിരുന്ന ഫ്ളേവിയസ് വലേറിയസ് കോൺസ്റ്റാൻഷ്യസിന്റെയും ഹെലനിയുടെയും മകനായ കുസ്തന്തീനോസ് സിലിസിയയിലെ ഡ്രിപ്പാനം എന്ന (സ്വമാതാ

വിന്റെ ജന്മസ്ഥലത്ത് വളർത്തപ്പെട്ടു (Smith & Wace, 1877; *Encylopaedia Britannica*, 2016).

ഏ.ഡി. 293ൽ കുസ്തന്തീനോസിന്റെ പിതാവായ കോൺസ്റ്റാൻഷ്യസിനെ കൈസറായി സ്ഥാനക്കയറ്റം കൊടുത്ത് പടിഞ്ഞാറ് മാക്സിമിയാന്റെ കീഴിൽ സേവനത്തിനായി അയയ്ക്കപ്പെട്ടു (*Encylopaedia Britannica*, 2016). ഏ.ഡി. 289ൽ കോൺസ്റ്റാൻഷ്യസ് മാക്സിമിയാന്റെ മുൻഭാര്യയിലുള്ള പുത്രിയെ (തിയെഡോറ) വിവാഹം ചെയ്യുന്നതിനുവേണ്ടി ഹെലനിയുമായി വേർപിരിഞ്ഞിരുന്നു. കുസ്തന്തീനോസിനെ ഉദ്ദേശം പതിനാറു വയസ്സുള്ളപ്പോൾ നിക്കോമേദിയയിലെ ഡയേക്ലീഷ്യന്റെ അടുക്കൽ അയച്ചിരുന്നു. ഡയോക്ലീഷ്യൻ കുസ്തന്തീനോസിനെ ദയവോടുകൂടി പരിഗണിച്ചു (Smith & Wace, 1877).

ഉദ്ദേശം ഏ.ഡി. 297ൽ കുസ്തന്തീനോസ് പേർഷ്യക്കാരോട് യുദ്ധം ചെയ്യുകയും വിജയിക്കുകയും ചെയ്തു. ഏ.ഡി. 303ൽ ക്രിസ്ത്യാനികളെ ഡയോക്ലീഷ്യൻ പീഡിപ്പിച്ചപ്പോൾ കുസ്തന്തീനോസ് നിക്കോമേദിയയിൽ ഉണ്ടായിരുന്നു. ആദിമ ക്രിസ്തീയ സഭയ്ക്ക് രണ്ടു പ്രധാന ഭീഷണികൾ ഉണ്ടായിരുന്നു. അവയിൽ ഒന്ന്, സഭയ്ക്കകത്തുനിന്നും മറ്റൊന്ന് സഭയ്ക്ക് പുറത്തുനിന്നുമായിരുന്നു. പുറത്തുനിന്നുള്ള ഭീഷണി റോമാ ഭരണാധികാരികളിൽ നിന്നുള്ള പീഡനവും സഭയ്ക്കകത്തുനിന്നുള്ളത് അറിയോന്റെ വേദവിപരീതവുമായിരുന്നു. ക്രിസ്തുമതത്തിനെതിരെയുള്ള ഭീഷണികൾ ചെറുത്തുതോൽപ്പിക്കുന്നതിന് കുസ്തന്തീനോസ് വളരെ പ്രധാനപ്പെട്ട പങ്കു വഹിച്ചു.

കുസ്തന്തീനോസിന്റെ ജീവിതത്തിലെല്ലാമുണ്ടായ വിജയത്തിനു കാരണമായി അദ്ദേഹം വിശ്വസിപ്പിച്ചിരുന്നത് ക്രിസ്തുമതം സ്വീകരിച്ചതും ക്രിസ്ത്യാനികളുടെ ദൈവത്തിന്റെ പിൻതുണയുമായിരുന്നു. ഏ.ഡി. 324ൽ ലിസിനിയസിനെ പരാജയപ്പെടുത്തിയതിനുശേഷം കുസ്തന്തീനോസ് ഇപ്രകാരം എഴുതി: ‘‘ദൈവവിചാരമില്ലായ്മയെ അമർച്ച ചെയ്യുന്നതിനു ഞാൻ ദൈവത്തിന്റെ ഒരു തിരഞ്ഞെടുക്കപ്പെട്ട ഉപകരണമാണ്’’. പേർഷ്യൻ രാജാവായ സാപ്പോർ രണ്ടാമനയച്ച ഒരു കത്തിൽ കുസ്തന്തീനോസ് ഇപ്രകാരം പ്രഖ്യാപിച്ചു: ‘ദൈവികമായ അധികാരത്താൽ എല്ലാ ദേശത്തും സമാധാനവും ഐശ്വര്യവും വരുന്നതിനായിട്ടാണ് ഞാൻ വന്നിരിക്കുന്നത്.’’

കുസ്തന്തീനോസ് ക്രിസ്തുമതം സ്വീകരിച്ചതും അദ്ദേഹം അധികാരത്തിലെത്തിയതും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മിൽവിയൻ പാലത്തിലുണ്ടായ യുദ്ധത്തിൽ (Battle of the Milvian Bridge) ഒരു സ്വപ്നത്തിൽ ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പട്ടാളക്കാരുടെ പരിചകളിൽ കുരിശടയാളം വരയ്ക്കുകയും അങ്ങനെ ദൈവസഹായം ലഭിക്കുകയും ചെയ്തു. വെള്ളിയാഴ്ച സന്ധ്യയിലെ പ്രാർത്ഥനയിലും സ്ലീബാ പെരുന്നാളിലെ പ്രാർത്ഥനകളിലും (സെപ്റ്റംബർ 14) ഈ സംഭവം അനുസ്മരിക്കുന്നുണ്ട് (*The book of Common prayers of the Syrian Church*, 1965).

എ.ഡി. 313ലെ മിലാൻ വിളംബരത്തോടുകൂടെ മൂന്ന് നൂറ്റാണ്ടുകളായി നിലനിന്നിരുന്ന പീഡനത്തിന് ഒരു അവസാനമുണ്ടായി. പുരോഹിതന്മാരെ സൈന്യത്തിലെ സേവന ചുമതലകളിൽനിന്നും ഒഴിവാക്കി. മെത്രാപ്പോലീത്തമാർക്ക് സിവിൽ അധികാരങ്ങൾ ലഭിച്ചു. എ.ഡി 321ൽ ഞായറാഴ്ച അവധി ദിനമായ പ്രഖ്യാപിച്ചു (Bihlmeyer & Tuchle, 1958). റോമിലെ മെത്രാപ്പോലീത്തായ്ക്ക് സ്ഥലം ദാനമായി നൽകുകയും അവിടെ ബസലിക്ക പണിയുകയും ചെയ്തു. നാലാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ റോമാ സാമ്രാജ്യത്തിന്റെ ഐക്യം തകർക്കുന്ന അറിയോസിന്റെ വേദവിപരീതം (Arianism) പ്രചരിക്കാൻ തുടങ്ങി. കുസ്തന്തീനോസ് അലക്സാണ്ടർ മെത്രാപ്പോലീത്തായ്ക്കും (d. എ.ഡി. 340) അറിയോസിനും കത്തുകളയയ്ക്കുകയും അവർ പരസ്പരം ക്ഷമിക്കുകയും അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആ നിർദ്ദേശങ്ങൾ ഫലവത്താകാഞ്ഞതിനാൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ രക്ഷാകർതൃത്വത്തിൽ ഒരു സുന്നഹദോസ് എ.ഡി. 325 ജൂൺ-ജൂലൈ മാസങ്ങളിൽ നിഖ്യായിൽ ചേരുകയുണ്ടായി. സുന്നഹദോസ് അറിയോസിന്റെ വേദവിപരീതത്തെ തള്ളികളയുകയും (*homo ousios*) 'ഒരേ സത്തയിൽ നിന്നുള്ളത്' എന്ന പ്രയോഗം വിശ്വാസപ്രമാണത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പിതാവാം ദൈവത്തിന്റെ അതേ 'സത്ത'യിൽ നിന്നുള്ളവനാണ് ക്രിസ്തുവെന്നും ക്രിസ്തുവിന്റെ ദൈവത്വത്തെ ഉറപ്പിച്ചു പറയുകയും ചെയ്തു (http://www.antiochian.org/constantine-great-roman-emperor-christian-saint-historys-turning-point).

കുസ്തന്തിനോസ്പോലീസിലെ വളരുന്ന സഭയുടെ ആരാധനാ സമൂഹങ്ങൾക്കായി വേദപുസ്തകത്തിന്റെ പുതിയ പ്രതികൾ കുസ്തന്തീനോസ് ക്രമീകരിച്ചു. തന്റെ പട്ടാളക്കാർക്കായി ഒരു പ്രാർത്ഥന ക്രോഡീകരിക്കുകയും സൈന്യത്തിന്റെ യാത്രയിൽ കൊണ്ടുനടക്കാവുന്ന കൂടാരത്തിൽ ഒരു ചാപ്പൽ ക്രമീകരിക്കുകയും ചെയ്തു. ക്രിസ്തീയ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് കുസ്തന്തീനോസ് ധാരാളം നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി. വൈദികർക്ക് പ്രത്യേക അവകാശങ്ങൾ നൽകി. യോർദ്ദാൻ നദിയിൽ സ്നാനമേൽക്കാൻ ആഗ്രഹിച്ചിരുന്നെങ്കിലും അതിനു അവസരമുണ്ടായില്ല. പിന്നീട് ജീവിതാന്ത്യത്തിലാണ് മാമോദീസായേറ്റത്. പേർഷ്യക്കാരുമായി ഒരു യുദ്ധത്തിനൊരുങ്ങുമ്പോഴാണ് ഹെലനോപോലിസിൽ വച്ച് കുസ്തന്തീനോസ് രോഗിയായത്. അദ്ദേഹം കുസ്തന്തീനോസ് പോലീസിലേക്ക് മടങ്ങിവരികയും ഏ.ഡി. 337 മെയ് 21-ാം തീയതി ടർക്കിയിലെ ഇസ്മിത്തിൽ (Izmit, Turkey) വച്ച് നിര്യാതനാകുകയും ചെയ്തു.

കുസ്തന്തീനോസ് മരിക്കുന്നതിനു മുമ്പ് നിക്കോമേദിയയിലെ യൂസേബിയോസ് അദ്ദേഹത്തെ മാമോദീസാ മുക്കി. മാമോദീസാ സ്വീകരിച്ചശേഷം അദ്ദേഹം (ചുവന്ന) രാജവസ്ത്രം ഉപേക്ഷിക്കുകയും മാമോദീസായുടെ വെള്ള അങ്കി ധരിച്ചുകൊണ്ട് നിര്യാതനാകുകയും ചെയ്തു. പരിശുദ്ധ അപ്പോസ്തോലന്മാരുടെ പള്ളിയിൽ അദ്ദേഹത്തെ കബറടക്കി. കുസ്തന്തീനോസ് ചക്രവർത്തിയുടെ ഓർമ്മ അദ്ദേഹത്തിന്റെ മാതാവായ ഹെലനി രാജ്ഞിയുടെ ഓർമ്മയോടുകൂടെ മെയ് 20-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 15. അറബികളുടെ മെത്രാപ്പോലീത്ത മോർ ജോർജ്ജ്

### (ഏ.ഡി.? - 725)

മോർ ജോർജ്ജ് ഒരു പണ്ഡിതനും തത്വശാസ്ത്ര വിദ്യാർത്ഥിയും ഒരു ഉത്തമ ഇടയനുമായിരുന്നു. മോർ സേവേറിയോസ്

സബൂക്ക് (d. ഏ.ഡി. 667) മെത്രാപ്പോലീത്തായുടെ കീഴിൽ കെന്നശ്രീനിൽ (അദ്ദേഹത്തിന്റെ അന്ത്യനാളുകളിൽ) പഠനം ന ടത്തുകയും അദ്ദേഹത്തിന്റെ കാലശേഷം മറ്റു അദ്ധ്യാപകരുടെ കീഴിൽ പഠനം പൂർത്തീകരിക്കുകയും ചെയ്തു (Aprhem I, 2003).

മോർ ജോർജ്ജ് ചരിത്രം, ദൈവശാസ്ത്രം എന്നിവയും പഠി ക്കുകയുണ്ടായി. അദ്ദേഹം സന്യാസവസ്ത്രം സ്വീകരിക്കുകയും വൈദികനായി പട്ടമേൽക്കുകയും ചെയ്തു. ഏ.ഡി. 686 നവംബർ 21-ാം തീയതി അറബ് വംശജരായവരുടെ (റ്റെ, യുക്കായൽ, ടുനുക്ക്) മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. അങ്ങനെയാണ് അറബികളുടെ മെത്രാപ്പോലീത്ത എന്നറിയപ്പെടുവാനിടയായത്. ബ്രിട്ടീഷ് മ്യൂസിയത്തിലെ കയ്യെഴുത്തു പ്രതികൾ (MS Add. 12154) പരിശോധിച്ച Wright (1894) മാമോദീസ, വി. കുർബ്ബാന, മൂറോൻ കൂദാശ എന്നിവയുടെ വ്യാഖ്യാനമെഴുതിയത് അത്ത നാസിയോസ് രണ്ടാമന്റെയും എഡേസോസിലെ യാക്കോബിന്റെ യും ശിഷ്യനും ചങ്ങാതിയുമായ അറബികളുടെ മെത്രാപ്പോലീത്ത മോർ ജോർജ്ജാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

മോർ ജോർജ്ജിന്റെ പ്രധാനപ്പെട്ട കൃതികളാണ്: (1) വിശുദ്ധ ഗ്രന്ഥത്തിലെ ഏതാനും പുസ്തകങ്ങളുടെ വ്യാഖ്യാനം (ഈ വ്യാഖ്യാനം ബർസ്ലീബി, ബാർ എബ്രായ എന്നിവർ ഉദ്ധരിച്ചിട്ടുണ്ട്), (2) സഭയുടെ വിശ്വാസം, മാമോദീസ, വിശുദ്ധ കുർബ്ബാന, വി. മൂറോൻ എന്നിവയുടെ (ചെറിയ) വ്യാഖ്യാനങ്ങൾ, (3) എഡേസ്സോസിലെ മോർ യാക്കോബ് (d. 708) രചിച്ച '*Book of the Six days*' ന് ഒരു അനുബന്ധം, (4) നസിയാൻസിലെ മോർ ഗ്രീഗോറിയോസിന്റെ (d. 390) ധർമ്മോപദേശങ്ങൾക്ക് ദീർഘമായ കുറിപ്പുകൾ (5) ആറ് ധർ മ്മോപദേശങ്ങൾ വിശുദ്ധ മൂറോൻ, മോറാൻ സേവേറിയോസ് പാത്രിയർക്കീസിന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ളത്, ഏകാന്തവാസികളെ സംബന്ധിച്ച്, കലണ്ടർ, ഊശാന ഞായർ, നാൽപത് സഹദേൻമാരെ സംബന്ധിച്ചും അബ്രഹാം പിതാ വിന്റെ ബലിയെ സംബന്ധിച്ചുള്ള സൂഗീസോ എന്നിവ.

സമകാലീനരായ ആളുകൾ സഭയുടെ വിശുദ്ധ കൂദാശകൾ അനുഷ്ഠിക്കുന്നതിനെ സംബന്ധിച്ചും വേദവിപരീതങ്ങളെ സംബന്ധിച്ച് ഉന്നയിച്ചിരുന്ന ചോദ്യങ്ങൾക്ക് ഉത്തരമായി ധാരാ ളം മറുപടി കത്തുകൾ മോർ ജോർജ്ജ് അയച്ചിട്ടുണ്ട്. ഈ

കത്തുകളെല്ലാം തന്നെ അദ്ദേഹത്തിന്റെ ബുദ്ധിയും കഴിവും പാണ്ഡിത്യവും വെളിവാക്കുന്നവയാണ്.

മോർ ജോർജ്ജിന്റെ ഭദ്രാസന ആസ്ഥാനം അക്കുല (Aqula) എന്ന അൽ കുഫ പട്ടണമായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന സന്യാസ ആശ്രമത്തിൽ നിന്നാണ് ഭദ്രാസന ഭരണം ന ടത്തിയിരുന്നത്. ഇദ്ദേഹം ഏ.ഡി. 725/26 ഫെബ്രുവരിയിൽ കാലം ചെയ്തു.

# 16 കോർഡോവയിലെ മോർ ഹോസിയസ് മെത്രാപ്പോലീത്ത

**(ഏ.ഡി. 257 - 357)**

മോർ ഹോസിയസ് (Hosius or Ossius) ഉദ്ദേശം ഏ.ഡി. 296ൽ കൊർഡോവയിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു (Cross & Livingstone, 1974). മക്സിമിയന്റെ പീഡയുടെ കാലഘട്ടത്തിൽ ഏറെ കഷ്ടതകൾ അനുഭവിക്കേണ്ടിവന്നു. ഇദ്ദേഹം പടി ഞ്ഞാറിന്റെ അത്തനാസിയോസ് എന്ന് അറിയപ്പെട്ടിരുന്നു (Cayre, 1935).

ഏ.ഡി. 313 മുതൽ 325 വരെ മോർ ഹോസിയസ് കുസ്തന്തീനോസ് ചക്രവർത്തിയുടെ ഉപദേശകനായിരുന്നു വെന്നു കരുതപ്പെടുന്നു. അറിയോസിന്റെ വേദവിപരീതത്തിന്റെ ആദ്യഘട്ടങ്ങളിൽ അതേ സംബന്ധിച്ച് അന്വേഷിക്കുന്നതിനു വേണ്ടി മോർ ഹോസിയസ് അലക്സന്ത്രിയയിലേക്ക് അയക്കപ്പെട്ടു. മോർ ഹോസിയസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കുസ്തന്തീനോസ് ചക്രവർത്തി നിഖ്യാ സുന്നഹദോസ് വിളിച്ചു ചേർത്തത്. അലക്സന്ത്രിയായ പാത്രി യർക്കീസായ മോർ അത്തനാസിയോസിനെ (d. ഏ.ഡി. 373) പിന്തുണച്ചതിനാൽ ഏ.ഡി. 355ൽ മോർ ഹോസിയസ് സിർമിയത്തിലേക്ക് നാടുകടത്തപ്പെട്ടു.

സ്വന്ത ഭദ്രാസനത്തിലേക്ക് തിരിച്ചുവരുന്നതിനുവേണ്ടി മോർ ഹോസിയസ് വേദവിപരീതത്തെ അനുകൂലിച്ച് ഒപ്പിടു

ന്നതിന് നിർബന്ധിതനായിയെങ്കിലും ഉദ്ദേശം ഏ.ഡി. 357ൽ കാലം ചെയ്യുന്നതിനു മുമ്പ് താൻ ചെയ്ത തെറ്റിനെ തിരുത്തുകയുണ്ടായി. മോർ ഹോസിയസിന്റെ ഓർമ്മ ഒക്ടോബർ 1-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 17. സന്യാസിയായ വിശുദ്ധ സാബാസ്
### (ഏ.ഡി. 439 – 532)

സാബാസ് കപ്പദോക്കിയയിലെ മുറ്റലോസ്ക എന്ന സ്ഥലത്തുനിന്നുള്ളവനായിരുന്നു. കിഴക്കൻ പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിൽ ഏറെ വർഷങ്ങൾ സാബാസ് ഏകാന്തവാസിയായി ജീവിച്ചു. പിന്നീട് യെരുശലേമിനും ചാവുകടലിനുമിടയിൽ ഒരു സന്യാസ ആശ്രമം സ്ഥാപിച്ചു. ഏ.ഡി. 490ൽ വിമുഖതയോടെ വൈദിക സ്ഥാനം സ്വീകരിച്ചു. ഏ.ഡി. 492ൽ യെരുശലേം പാത്രിയർക്കീസ് സാബാസിനെ പലസ്തീനിലെ എല്ലാ സന്യാസികളുടെയും തലവനായി നിയമിച്ചു. സാബാനിന്റെ ഓർമ്മ ആഗസ്റ്റ് 27-ാം (സെപ്റ്റംബർ 16?) തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 18. അലക്സന്ത്രിയ പാത്രിയർക്കീസ് മോറാൻ പത്രോസ്
### (ഏ.ഡി. ? – ഏ.ഡി. 311)

ഏ.ഡി. 300 മുതൽ 311 വരെ അലക്സന്ത്രിയയിലെ പാത്രിയർക്കീസായിരുന്നു മോറാൻ പത്രോസ് (Cayre, 1935; Quasten, 1952). ഇദ്ദേഹം സുകൃത ജീവിതത്താലും വേദപുസ്തക പരിജ്ഞാനത്താലും ഒരു 'മാതൃകാ മേൽപ്പട്ടക്കാരനായിരുന്നു' എന്ന് യുസേബിയോസ് രേഖപ്പെടുത്തിയിട്ടുണ്ട് (Cross & Livingstone, 1974). ഇദ്ദേഹത്തിന്റെ പ്രധാന രചനകളാണ്: (1) ആത്മാക്കൾ

മുമ്പേ ഉണ്ടായിരുന്നുവെന്ന വാദഗതിയെ ഖണ്ഡിച്ചുകൊണ്ടുള്ള പ്രബന്ധം, (2) ഉയിർത്തെഴുന്നേൽപ്പ്, (3) പിതാവാം ദൈവം, (4) ക്രിസ്തുവിന്റെ വരവിനെ സംബന്ധിച്ചുള്ളത് എന്നിവ (Cayre, 1935).

മോറാൻ പത്രോസ് ഡയോക്ലീഷ്യന്റെ പീഡനങ്ങളെ അതിജീവിച്ചു. പീഡനത്തെ ഭയന്ന് സഭയെ ഉപേക്ഷിച്ചു പോയവരെ വീണ്ടും സഭയിൽ പ്രവേശിപ്പിക്കുന്നതിനെ സംബന്ധിച്ച് ഇദ്ദേഹം നിയമങ്ങൾ ക്രമീകരിച്ചു. ഏ.ഡി. 306ൽ മോറാൻ പത്രോസ് പീഡനത്തെ തുടർന്ന് ഒളിവിൽ പോയപ്പോൾ മിലിത്തിയോസ് തിരുമേനി അലക്സന്ത്രിയ സിംഹാസനത്തിന്മേൽ അധീശത്വം സ്ഥാപിക്കുന്നതിന് ശ്രമിച്ചു. സമാധാനം പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ മോറാൻ പത്രോസ് സിംഹാസനത്തിലേക്ക് മടങ്ങിവന്നെങ്കിലും മക്സിമിയൻ പീഡയിൽ ശിരഛേദനം ചെയ്യപ്പെട്ടു. മോറാൻ പത്രോസിന്റെ ഓർമ്മ മെയ് 25, ഒക്ടോബർ 28, നവംബർ 24 എന്നീ തീയതികളിൽ സുറിയാനി സഭയിൽ ആചരിക്കുന്നു.

## 19. യെരുശലേമിലെ മോർ മക്കാറിയോസ്

**(ഏ.ഡി. ? - c. ഏ.ഡി. 334)**

അറിയോസിന്റെ വേദവിപരീതത്തിനെതിരെ ശക്തമായി പോരാടുകയും സത്യവിശ്വാസം സംരക്ഷിക്കുന്നതിന് ഏറെ പരിശ്രമിക്കുകയും ചെയ്ത പിതാവാണ് യെരുശലേമിലെ മോർ മക്കാറിയോസ്. ഇദ്ദേഹം ഏ.ഡി. 312 മുതൽ ഉദ്ദേശം 334 വരെ വിശുദ്ധ പട്ടണമായ യെരുശലേമിന്റെ മെത്രാപ്പോലീത്തയായിരുന്നു.

ഏ.ഡി. 325ൽ ചേർന്ന നിഖ്യാസുന്നഹദോസിൽ മോർ മക്കാറിയോസ് പങ്കെടുക്കുകയും നിഖ്യാ വിശ്വാസപ്രമാണം രൂപീകരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുകയും ചെയ്തു (Cross & Livingstone, 1974). ഏ.ഡി. 326ൽ ഹെലനി രാജ്ഞിയുടെ കർത്താവിനെ ക്രൂശിച്ച കുരിശ് കണ്ടെത്തുന്നതിനുള്ള പരിശ്രമത്തിൽ മോർ മക്കാറിയോസ് പങ്കാളിയായിരുന്നു. നിഖ്യാ

സുന്നഹദോസിനുശേഷം യെരുശലേമിലെ കബറിടപള്ളി പണിയുന്നതിന് കുസ്തന്തീനോസ് ചക്രവർത്തി മോർ മക്കാറിയോസിനെ ചുമതലപ്പെടുത്തി.

പിന്നീട് മോർ മക്കാറിയോസും മറ്റു മെത്രാപ്പോലീത്തമാരും ചേർന്ന് മെമ്രായിൽ ഒരു പള്ളി പണിയുന്നതിനായി കുസ്തന്തീനോസ് ക്ഷണിക്കുകയുണ്ടായി. ഈജിപ്റ്റിലെ മക്കാറിയോസിനെ (ഏ.ഡി. 300-390) അഗ്രജനായ മക്കാറിയോസ് (Macarius, the Elder) എന്നും യെരുശലേമിലെ മക്കാറിയോസിനെ ഇളയവനായ (Macarius, the Lesser) എന്നും അറിയപ്പെടുന്നു.

മോർ മക്കാറിയോസിന്റെ ഓർമ്മ മാർച്ച് 20-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 20. ട്രയറിലെ മെത്രാപ്പോലീത്ത മോർ പൗളിനോസ്

**(ഏ.ഡി. ? - 358)**

വിശുദ്ധ പൗളിനോസ് ട്രയറിലെ മെത്രാപ്പോലീത്തയായിരുന്നു. ഇദ്ദേഹം മാക്സിമിൻ മെത്രാപ്പോലീത്തായുടെ ശിഷ്യനാകുകയും പിന്നീട് പിൻഗാമിയാകുകയും ചെയ്തു (Cross & Livingstone, 1974). അറിയോസിന്റെ വേദവിപരീതത്തെ ശക്തിയായ എതിർത്തിരുന്ന ഒരു മെത്രാപ്പോലീത്തയാണ് പൗളിനോസ്. ഇദ്ദേഹത്തെ ഫ്രിജിയയിലേക്ക് നാടുകടത്തപ്പെടുകയും അവിടെ വച്ച് കാലംചെയ്യുകയും ചെയ്തു. ഏ.ഡി. 396ൽ ഇദ്ദേഹത്തിന്റെ തിരുശേഷിപ്പുകൾ ട്രയറിലേക്കു കൊണ്ടുപോയി. വിശുദ്ധ പൗളിനോസിന്റെ ഓർമ്മപ്പെരുന്നാൾ ആഗസ്റ്റ് 25-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 21. അന്ത്യോഖ്യാ പാത്രിയർക്കീസായ പത്രോസ് രണ്ടാമൻ

**(ഏ.ഡി? - 488)**

മോറാൻ പത്രോസ് രണ്ടാമൻ മുപ്പത്തിനാലാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു. ഇദ്ദേഹം ഏ.ഡി. 468/70? - 488 കാലഘട്ടത്തിൽ സഭാ ഭരണം നിർവ്വഹിച്ചു. ഇദ്ദേഹം Peter II the Fuller (Qassar) എന്നറിയപ്പെട്ടിരുന്നു.

പത്രോസ് രണ്ടാമൻ കുസ്തന്തീനോസ്പോലീസിലെ ഒരു ദയറാക്കാരനായിരുന്നു. ഇദ്ദേഹം കമ്പിളി വസ്ത്രങ്ങളുടെ നെയ്ത്തുമായി ബന്ധപ്പെട്ട ജോലി ചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇദ്ദേഹം കൽക്കിദുനിലേക്കു പോകുകയും പിന്നീട് തിരിച്ചു വന്നശേഷം സെനൊ ചക്രവർത്തിയുമായി പരിചയപ്പെടുകയും അദ്ദേഹത്തോടുകൂടെ ഉദ്ദേശം ഏ.ഡി. 470ൽ അന്ത്യോഖ്യായിലേക്ക് പോകുകയും ചെയ്തു. കൽക്കദുനിയ നിലപാടുകളെ (നിർവചനത്തെ) പിൻതുണച്ച അന്ത്യോഖ്യായിലെ മാർട്ടിരിയസ് മെത്രാപ്പോലീത്തായെ പത്രോസ് രണ്ടാമൻ എതിർക്കുകയുണ്ടായി.

മോറാൻ പത്രോസ് രണ്ടാമൻ ഒരിക്കൽ ജയിലിൽ അടക്കപ്പെടുകയും ഏ.ഡി. 477ൽ നാടുകടത്തപ്പെടുകയും ചെയ്തു (Cross & Livingstone, 1974). ത്രൈശുദ്ധകീർത്തനവും വിശ്വാസപ്രമാണവും വി. കുർബ്ബാനയിലും വി. മൂറോൻ കൂദാശയിലും ഉൾപ്പെടുത്തിയ പിതാവെന്ന നിലയിലാണ് ഇദ്ദേഹം ഓർമ്മിക്കപ്പെടുന്നത് (Cross & Livingstone, 1974).

# 22. രക്തസാക്ഷിയായ സിനോപ്പിലെ മോർ ഫോക്കസ് മെത്രാപ്പോലീത്ത

(ഏ.ഡി. ? - 117)

പൊന്തൊസിലെ സിനോപ്പിലെ മെത്രാപ്പോലീത്തയായിരുന്ന ഫോക്കസ് (Cross & Livingstone, 1974). യൗവ്വനത്തിൽ ഉത്തമമായ സുകൃതജീവിതം നയിക്കുകയും പിന്നീട് മെത്രാപ്പോലീത്തയാകുകയും ചെയ്തു. ഫോക്കസ് നിരവധി വിഗ്രഹാരാധനക്കാരെ ക്രിസ്തീയ വിശ്വാസത്തിലേക്ക് കൊണ്ടുവന്നു.

ട്രാജൻ ചക്രവർത്തിയുടെ (ഏ.ഡി. 98-117) പീഡന കാലത്ത് അവിടത്തെ ഗവർണ്ണർ ഫോക്കസിനോട് ക്രിസ്തുവിനെ ഉപേക്ഷിക്കുന്നതിന് ആവശ്യപ്പെട്ടു. കഠിന പീഡനങ്ങൾക്കൊടുവിൽ ഫോക്കസിനെ തിളച്ച വെള്ളത്തിൽ മുക്കിക്കൊന്നു. (https://oca.org/saints/lives/2011/09/22/102695-hieromartyr-phocas-the-bishop-of-sinope). ഈ രക്തസാക്ഷിത്വം ഏ.ഡി. 117ൽ സംഭവിച്ചതായി കരുതപ്പെടുന്നു.

ഏ.ഡി. 404 ജൂലൈ 22-ാം തീയതി വിശുദ്ധ ഫോക്കസിന്റെ തിരുശേഷിപ്പുകൾ കുസ്തന്തീനോസ്പോലീസിലേക്ക് മാറ്റി സ്ഥാപിച്ചു. ആ സന്ദർഭത്തിൽ വിശുദ്ധ ഈവാനിയോസ് (John Chrysostom, d. 407) ഇദ്ദേഹത്തെ അനുസ്മരിച്ച് ഒരു (homily) ധർമ്മോപദേശം എഴുതിയിട്ടുണ്ട്. വിശുദ്ധ ഫോക്കാസിന്റെ ഓർമ്മ ജൂലൈ 22, ഒക്ടോബർ 13 എന്നീ തീയതികളിൽ സുറിയാനി സഭ ആചരിക്കുന്നു.

# 23. മോർ മത്തായി
## (നാലാം നൂറ്റാണ്ട്)

മോർ മത്തായി നാലാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ആമീദ് പട്ടണത്തിലോ അതിനടുത്ത ഗ്രാമത്തിലോ ജനിച്ചതായി കരുതപ്പെടുന്നു. ഇദ്ദേഹത്തിന്റെ ബാല്യകാലത്തെകുറിച്ച് വ്യക്തമായ വിവരണങ്ങൾ ലഭ്യമല്ല. വിശ്വാസത്യാഗിയായ ജൂലിയാന്റെ പീഡനകാലത്ത് മോർ മത്തായി ഒരു സന്യാസി യായിരുന്നു (https://www.sor.eua.edu).

ഏ.ഡി. 361ൽ മോർ മത്തായിയും മറ്റു ദയറാക്കാരും നിനുവ യിലേക്ക് ഓടിപ്പോകുന്നതിന് നിർബ്ബന്ധിതരായി. അവർ നിനുവ യിൽ അൽഫാഫ് (Alfaf) മലമുകളിൽ ഒരു സന്യാസാശ്രമം കണ്ടെത്തുകയും ചെയ്തു. ആ സമയത്താണ് സെൻഹരീസിന്റെ മകനായ ബഹനാമിനെ ഒരു നായാട്ടുയാത്രയിൽ കണ്ടുമുട്ടിയത്. മോർ മത്തായി രാജകുമാരനായ ബഹനാമിനെ ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുകയും ബഹനാം മോർ മത്തായിയുടെ ശിഷ്യനായിത്തീരുകയും ചെയ്തു. മോർ മത്തായിയുടെ പ്ര ബോധനങ്ങളിൽ ആകൃഷ്ടനായ ബഹനാം ഭവനത്തിലേക്ക് തിരിച്ചുപോകുകയും കുഷ്ഠരോഗം ബാധിച്ചിരുന്ന സഹോദരി സാറയെ വിശുദ്ധനായ മത്തായിയുടെ അടുക്കൽ കൊണ്ടുപോ കുന്നതിന് അവന്റെ അമ്മയെ പ്രേരിപ്പിക്കുകയും ചെയ്തു. മോർ മത്തായിയുടെ പ്രാർത്ഥനയാൽ സാറ സൗഖ്യം പ്രാപി ക്കുകയും ആ അത്ഭുതത്തെ തുടർന്ന് സാറയും ബഹനാമും ബഹനാമിന്റെ നാൽപതു സഹചാരികളും മാമോദീസ ഏൽക്കുകയും ചെയ്തു.

തന്റെ മക്കൾ ക്രിസ്തുമതം സ്വീകരിച്ചുവെന്നറിഞ്ഞ ബെൻഹരീബ് രാജാവ് ക്ഷുഭിതനാകുകയും ക്രിസ്തു മതം ഉപേക്ഷിച്ചില്ലെങ്കിൽ അവരെ കഠിനശിക്ഷകൾക്ക് വിധേയരാക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ബഹനാ മും സാറയും അവരുടെ വിശ്വാസം ഉപേക്ഷിക്കയില്ലെന്നു തീരുമാനിക്കുകയും അവരുടെ ഏതാനും സ്നേഹിതരുമായി

രക്ഷപ്പെടുന്നതിന് ശ്രമിക്കുകയും ചെയ്തു. എന്നാൽ രാജാവിന്റെ പട്ടാളക്കാർ അവരെ കണ്ടെത്തുകയും കൊല്ലുകയും ചെയ്തു.

പിന്നീട് രാജാവിനെ ഒരു അശുദ്ധാത്മാവ് ബാധിച്ചു. അത് അദ്ദേഹത്തെ വേദനപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. രാജ്ഞി തന്റെ മകളെ സൗഖ്യമാക്കിയ വിശുദ്ധ മത്തായിയെ വിളിച്ചുകൊണ്ടുവരുന്നതിന് ആളെ അയച്ചു. വിശുദ്ധ മത്തായി വന്ന് പ്രാർത്ഥിക്കുകയും കർത്താവ് രാജാവിന് സൗഖ്യം കൊടുക്കുകയും ചെയ്തു. രാജാവും രാജ്ഞിയും സർവ്വശക്തനായ യഥാർത്ഥ ദൈവത്തെക്കുറിച്ച് മനസ്സിലാക്കുകയും നാഥനായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു (Rajan 2017). കാലക്രമത്തിൽ പട്ടണം മുഴുവനും യേശുക്രിസ്തുവിൽ വിശ്വിസിക്കുകയും ചെയ്തു.

വിശുദ്ധ മത്തായിയോടുള്ള നന്ദി പ്രകാശിപ്പിക്കുന്നതിനായി രാജാവ് മൂസൽ (ഇറാക്ക്) പട്ടണത്തിന് 35 കി.മി. വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന അൽഫാഫ് മലയിൽ മോർ മത്തായിക്കുവേണ്ടി അദ്ദേഹത്തിന്റെ മകളെ സൗഖ്യമാക്കിയ സ്ഥലത്ത് ഒരു ദയറാ പണിയുകയുണ്ടായി. ഈ ദയറാ മൂസലിലെ മോർ മത്തായിയുടെ ദയറാ എന്നറിയപ്പെടുന്നു. മോർ മത്തായിയുടെ ഓർമ്മ സുറിയാനി സഭ സെപ്തംബർ 18-ാം തീയതി അഘോഷിക്കുന്നു.

## 24. മെലിറ്റിനിലെ മെത്രാപ്പോലീത്ത മോർ അക്കേസിയസ്

### (അഞ്ചാം നൂറ്റാണ്ട്)

അർമ്മേനിയയിലെ മെലിറ്റിനിലെ ഒരു ശെമ്മാശനായിരുന്നു അക്കേസിയസ് (Smith & Wace, 1877). ഇദ്ദേഹം ജീവിത വിശുദ്ധികൊണ്ട് ഒട്രിയസ് മെത്രാപ്പോലീത്തായാൽ നല്ല സാക്ഷ്യം ലഭിച്ചവനായിരുന്നു. നെസ്തോറിന്റെ വേദവിപരീത

ത്തിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും അതിനാൽ വിഖ്യാതനാകുകയും ചെയ്തു. ഇദ്ദേഹം ആമീദിലെ (Amid or Omeed) മെത്രാപ്പോലീത്തയായിരുന്നു.

ഏ.ഡി. 431ലെ എഫേസോസ് സുന്നഹദോസിൽ അക്കേസിയസ് പ്രധാന പങ്കു വഹിച്ചു. ഇദ്ദേഹത്തിന്റെ ധാരാളം ചെറിയ പ്രസംഗങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. കൂടാതെ ഇദ്ദേഹത്തിന്റെ ചെയ്ത ഒരു ധർമ്മോപദേശം പ്രസിദ്ധമാണ്.

'നമ്മുടെ പിതാവും പണ്ഡിതനുമായ മഹാനായ അക്കേസിയസ്' എന്നാണ് ആ പ്രവിശ്യയിലെ മെത്രാപ്പോലീത്തന്മാരാൽ അക്കേസിയസ് പരാമർശിക്കപ്പെട്ടത്. മോർ അക്കേസിയസിന്റെ ഓർമ്മ ഏപ്രിൽ 17-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 25. അന്ത്യോഖ്യാ പാത്രിയർക്കീസായ വിശുദ്ധ അലക്സാണ്ടർ

**(ഏ.ഡി.? - 417)**

ഏ.ഡി. 412 മുതൽ 417 വരെ അന്ത്യോഖ്യാ സിംഹാസനത്തിന്റെ 28-ാമത്തെ പാത്രിയർക്കീസായിരുന്നു മോറാൻ അലക്സാണ്ടർ. ഏ.ഡി. 402 മുതൽ 412 വരെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പൊർഫിറിയസിന്റെ പിൻഗാമിയായിട്ടാണ് മോറാൻ അലക്സാണ്ടർ വാഴിക്കപ്പെട്ടത്. സിംഹാസനത്തിൽ ആരോഹണം ചെയ്യുന്നതിനുമുമ്പ് ഇദ്ദേഹം ഒരു സന്യാസ ജീവിതം നയിക്കുകയായിരുന്നു.

മോറാൻ അലക്സാണ്ടറുടെ ജീവിത വിശുദ്ധി, ധനത്തോടുള്ള വിരക്തി, വിജ്ഞാനത്തോടുള്ള താൽപര്യം, വാക്ചാതുര്യം എന്നിവ തിയഡോററ്റിനാൽ പ്രശംസിക്കപ്പെട്ടിരുന്നു (Smith & Wace, 1877). ഇദ്ദേഹത്തിന്റെ സൗമ്യമായ വാക്കുകളാൽ സഭയിൽ ഏറെക്കാലമായി നിലനിന്നിരുന്ന ശീശ്മയുടെ മുറിവ് ഉണക്കുന്നതിന് ഇദ്ദേഹത്തിന് സാധിച്ചു. ഏ.ഡി. 417 മോറാൻ അലക്സാണ്ടറിന്റെ പിൻഗാമിയായി മോറാൻ തിയൊഡോറ്റസ് വാഴിക്കപ്പെട്ടു.

# 26. രക്തസാക്ഷിയായ വിശുദ്ധ ക്രിസ്റ്റഫർ
## (മൂന്നാം നൂറ്റാണ്ട്)

ഒരു യുദ്ധത്തിൽ ക്രിസ്റ്റഫർ (Christophoros or Christophor) പിടിക്കപ്പെട്ടുകൊണ്ടു പോകുമ്പോൾ അദ്ദേഹത്തിന് ഗ്രീക്ക് ഭാഷയിൽ സംസാരിക്കുന്നതിന് അറിയുമായിരുന്നില്ല. അദ്ദേഹം പ്രാർത്ഥിച്ചതിനെ തുടർന്ന് ഒരു മാലാഖ അദ്ദേഹത്തിന്റെ ചുണ്ടുകൾ തൊടുകയും അദ്ദേഹത്തിന് ഗ്രീക്കു ഭാഷ സംസാരിക്കുന്നതിനുള്ള ശക്തി ലഭിക്കുകയും ചെയ്തു. അദ്ദേഹം പട്ടണത്തിൽ പ്രവേശിച്ച് ക്രിസ്തുവിനെ പ്രസംഗിച്ചു. ഇതേതുടർന്ന് പട്ടാളക്കാർ ഇദ്ദേഹത്തെ പിടിക്കുന്നതിനായി അയയ്ക്കപ്പെടുകയും അവർ പിടിക്കുന്നതിനായി വന്നപ്പോൾ ഇദ്ദേഹത്തിന്റെ വടി തളിർക്കുകയും പട്ടാളക്കാർ ക്രിസ്തുവിൽ വിശ്വസിക്കുകയും ചെയ്തു. ക്രിസ്റ്റഫറിനോടുകൂടെ ഈ പട്ടാളക്കാരും അന്ത്യോഖ്യയിൽവച്ച് പാത്രിയർക്കീസായ മോറാൻ ബാബിലസിൽ (ഏ.ഡി. 2371-251) നിന്ന് സ്നാനമേൽക്കുകയും ചെയ്തു.

ഉദ്ദേശം ഏ.ഡി. 250ൽ ലൈസിയയിൽ വച്ച് ഡെസിയസിന്റെ പീഡയിൽ കഷ്ടപ്പെടുകയും ചെയ്തു (Smith & Wace, 1877). ഇരുമ്പു ദണ്ഡുകളാൽ ചീകപ്പെടുകയും ഒടുവിൽ അമ്പുകൾ കൊണ്ടുള്ള മുറിവുകൾ ഏറെയുണ്ടയിരുന്ന തല വേർപ്പെടുത്തുകയും ചെയ്തു. രക്തസാക്ഷിയായ വിശുദ്ധ ക്രിസ്റ്റഫറിന്റെ ഓർമ്മ മെയ് 9-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 27. അലക്സന്ത്രിയ പാത്രിയർക്കീസായ വിശുദ്ധ സെറാപ്പിയോൻ

(ഏ.ഡി.? - 370 ?)

വിശുദ്ധ സെറാപ്പിയോൻ അലക്സന്ത്രിയ പാത്രിയർക്കീസായിരുന്നു. ഇദ്ദേഹം സ്കോളാസ്റ്റിക്കസ് എന്ന അപരനാമത്തിലും അറിയപ്പെട്ടിരുന്നു. ഇദ്ദേഹം അലക്സന്ത്രിയ പാത്രിയർക്കീസായിരുന്ന അത്തനാസിയോസിന്റെയും (d. A.D. 373) വിശുദ്ധ അന്തോണിയോസിന്റെയും (d. A.D. 356) സുഹൃത്തായിരുന്നു. ദൈവശാസ്ത്രപരമായ തർക്കങ്ങളിൽ ഇദ്ദേഹത്തിനു ഒരു പ്രധാന സ്ഥാനമുണ്ടായിരുന്നു (Smith & Wace, 1887). കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലഘട്ടത്തിൽ അറിയോസിന്റെ വേദവിപരീതം മേൽകൈ നേടിയിരുന്ന സന്ദർഭത്തിൽ സെറാപ്പിയോൻ 'വിശ്വാസം ഏറ്റു പറയുന്നവൻ' (Confessor) എന്നു വിളിക്കപ്പെട്ടിരുന്നു. വിശുദ്ധ അന്തോണിയോസിന്റെ ജീവിതാന്ത്യത്തിനോടടുത്ത് സെറാപ്പിയോൻ അദ്ദേഹത്തിന്റെ സഹചാരിയായിരുന്നതായി കരുതപ്പെടുന്നു.

സെറാപ്പിയോന്റേതായി രണ്ടു ലേഖനങ്ങൾ പരാമർശിക്കപ്പെടുന്നുണ്ട്. ഒന്ന്, പീഡിക്കപ്പെട്ടിരുന്ന യൂഡോക്സിയസ് മെത്രാപ്പോലീത്തായ്ക്ക് അയച്ചതും രണ്ടാമത്തെ ദീർഘമായ ലേഖനം മരുഭൂമിയിൽ താമസിക്കുന്ന സന്യാസിമാരുടെ പ്രത്യേക ജീവിത രീതിയെ പുകഴ്ത്തിക്കൊണ്ടും എഴുതിയിട്ടുള്ളതാണ്. മോർ അത്തനാസിയോസുമായി സെറാപ്പിയോൺ കത്തിടപാടുകൾ നടത്തിയിരുന്നു. അതിൽ അറിയോസിന്റെ മരണത്തെ സംബന്ധിച്ച് വിവരണം അടങ്ങിയിട്ടുണ്ട്. അത് ഏ.ഡി. 358ൽ എഴുതപ്പെട്ടതാണ്.

മോർ അത്തനാസിയോസ് വിശ്വാസ സംബന്ധമായ ലേഖനങ്ങൾ സെറാപ്പിയോന് എഴുതിയിട്ടുണ്ട്. അതിൽ ഈജിപ്റ്റിൽ കലഹമുണ്ടാക്കിയ മാസിഡോണിയൻ വേദവിപരീതത്തെ പ്രതിരോധിച്ച് എഴുതിയിരിക്കുന്നവയും ഉൾപ്പെടുന്നു.

മാസിഡോണിയൻ ചിന്താഗതികളെ പിൻതുടർന്നവർ ക്രിസ്തുവിന്റെ ദൈവത്വത്തെ അംഗീകരിച്ചെങ്കിലും പരിശുദ്ധാത്മാവ് സൃഷ്ടിക്കപ്പെട്ടതാണെന്നും ഒരു മാലാഖയിൽനിന്ന് ചെറിയ വ്യത്യാസം മാത്രമേ പരിശുദ്ധാത്മാവിനുള്ളൂ എന്നും സമർത്ഥിച്ചിരുന്നു.

മോറാൻ സെറാപ്പിയോൻ കാലംചെയ്ത തീയതി കൃത്യമായി ലഭ്യമല്ല. വിശ്വാസം ഏറ്റുപറഞ്ഞ സെറാപ്പിയോന്റെയും മറ്റു കൂട്ടുകാരുടെയും ഓർമ്മ മെയ് 19-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 28. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ഫിലൊഗോൺ

**(? - ഏ.ഡി. 323)**

ഇരുപത്തിരണ്ടാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ വിശുദ്ധ ഫിലൊഗോൺ ഏ.ഡി. 320 മുതൽ 323 വരെ ഭരണം നിർവ്വഹിച്ചു. ഇദ്ദേഹം മോറാൻ വിറ്റാലിസിന്റെ (ഏ.ഡി.. 314-320) പിൻഗാമിയായിരുന്നു. വിവാഹിതനായിരുന്ന ഇദ്ദേഹത്തിന് ഒരു മകളുണ്ടായിരുന്നു (Smith & Wace, 1887). ഇദ്ദേഹം പാവപ്പെട്ടവർക്കുവേണ്ടിയും അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയും കോടതികളിൽ വാദിക്കുകയും എല്ലാവരാലും ഏറെ പ്രശംസിക്കപ്പെടുകയും ചെയ്ത ഒരു അഭിഭാഷകനായിരുന്നു.

ഡിസംബർ 20-ാം തീയതി മോറാൻ ഫിലൊഗോണിന്റെ ഓർമ്മ പെരുന്നാളിൽ സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് അന്ത്യോഖ്യായിൽ ചെയ്ത (ധർമ്മോപദേശ) പ്രസംഗത്തിൽ നിന്നാണ് ഫിലൊഗോണിന്റെ ജീവചരിത്രവിശദാംശങ്ങൾ ലഭ്യമായിട്ടുള്ളത്. പാത്രിയർക്കാ സ്ഥാനമേറ്റശേഷം പീഡകരിൽ നിന്നും മോറാൻ ഫിലൊഗോൺ സഹിച്ച ബുദ്ധിമുട്ടുകളെ സംബന്ധിച്ച് മോർ ഈവാനിയോസ് പ്രശംസിച്ചിട്ടുണ്ട്. അന്ത്യോഖ്യായിലെ എല്ലാ പള്ളികളുടെയും മാതാവായ പള്ളി അപ്പോസ്തോലിക കാലം മുതൽ നിലനിന്നിരുന്നതും അതിന്റെ

പുനർ നിർമ്മാണം മുൻഗാമിയായ മോറാൻ വിറ്റാലിസ് ആരംഭിക്കുകയും മോറാൻ ഫിലൊഗോൺ പൂർത്തീകരിക്കുകയും ചെയ്തു. മോറാൻ ഫിലൊഗോണിന്റെ ഓർമ്മ സുറിയാനി സഭ ഡിസംബർ 20-ാം തീയതി ആചരിക്കുന്നു.

## 29. അന്ത്യോഖ്യാ പാത്രിയർക്കീസായ വിശുദ്ധ സെർജിയസ്

**(ഏ.ഡി.? - 546)**

വിശുദ്ധ സെർജിയസ് (ഏ.ഡി. 544-546) മുപ്പത്തിയെട്ടാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്നു. മഹാനായ മോറാൻ സേവേറിയോസ് (ഏ.ഡി. 512-538) പാത്രിയർക്കീസിനുശേഷം ആറുവർഷം കൽകിദൂന്യർ സിംഹാസനത്തിന്റെ നിയന്ത്രണം കൈവശപ്പെടുത്തിയിരുന്നു. സെർജിയസിന്റെ യഥാർത്ഥ പേര് ബെത്ത് കാർത്തെ (Beth Chartae) എന്നായിരുന്നു. അന്ത്യോഖ്യാ സിംഹാസനത്തിലേക്കുയർത്തപ്പെടുന്നതിനു മുമ്പ് സെർജിയസ് (Hola or Arena) ഹോളയിലെ ഒരു സന്യാസിയും ടെല്ലയിലെ (Tella or Constantina) ഒരു പുരോഹിതനായിരുന്നു. (Smith & Wace, 1887). സുറിയാനി ചരിത്രകാരനായ എഫേസോസിലെ യൂഹാനോൻ (d. ഏ.ഡി. 587) വിശുദ്ധ സെർജിയസ് കുസ്തന്തീനോസ്പോലീസിലായിരുന്നപ്പോഴാണ് കാലംചെയ്തതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

മോറാൻ സെർജിയസിനുശേഷം പത്രോസ് രണ്ടാമൻ (ഏ.ഡി. 550-575) അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനമേറ്റു. മോറാൻ സെർജിയസിന്റെ ഓർമ്മ ജൂലൈ 1-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

## 30. രക്തസാക്ഷിയായ വിശുദ്ധ സിൽവാനോസ്
### (ഏ.ഡി. ? - 305?)

മാക്സിമിയൻ പീഡയിൽ രക്തസാക്ഷിയായ സിൽവാനോസ് ഗാസയിലെ മെത്രാപ്പോലീത്തയായിരുന്നു. പുരോഹിതനായി വാഴിക്കപ്പെടുന്നതിനുമുമ്പ് ഇദ്ദേഹം ഒരു പട്ടാളക്കാരനായി സേവനം ചെയ്തിരുന്നതായി വിശ്വസിക്കപ്പെടുന്നു.

സിൽവാനോസ് വിഗ്രഹാരാധനക്കാരെ ക്രിസ്തുമാർഗ്ഗത്തിലേക്കു കൊണ്ടുവരുന്നതിൽ ഏറെ വിജയിച്ചിരുന്നു. ഇദ്ദേഹം പീഡകളെല്ലാം വലിയ ധൈര്യത്തോടെ അതിജീവിച്ചു. ഒടുവിൽ സിൽവസിനോടുകൂടെ മുപ്പത്തിഒൻപതുപേരും പലസ്തീനിലെ ഫെയ്നൊയിൻ ചെമ്പുഘനിയിൽ ജോലി ചെയ്യുന്നതിനായി ശിക്ഷിക്കപ്പെട്ടു. രക്തസാക്ഷിമരണം പ്രാപിക്കുന്നതിനു മുമ്പ് സിൽവാനോസ് ഗാസയിലെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റു (Smith & Wace, 1887).

യൂസേബിയസ് സിൽവാനോസിനെ വളരെയേറെ പുകഴ്ത്തി സംസാരിച്ചിട്ടുണ്ട്. സിൽവാനോസ് മെയ് 4-ാം തീയതി ശിരഛേദനം ചെയ്യപ്പെട്ടു. സിൽവാനോസിന്റെയും കൂട്ടാളികളുടെയും ഓർമ്മ സുറിയാനി സഭ മെയ് 4-ാം തീയതി ആചരിക്കുന്നു.

## References

Aphrem I (2003). *The scattered pearls: A history of Syriac literature and sciences* (2nd rev. ed.). (Matti Moosa, Trans.). New Jersey: Gorgias Press.

Attwater, D. & John, C. R. (1996). *The Penguin dictionary of saints* (3rd ed.). London: Penguin Books.

Bihlmeyer, K., & Tuchle, H. (1958). *Church history* (rev. ed.). (Vol. 1).(Victor E. Mills, Trans.). Maryland: The Newman Press.

Butler, A. (1866). *The Lives of the Fathers, Martyrs, and Other Principal Saints*. Dublin: James Duffy.

Cayre, A. A. (1935). *Manual of Patrology* (Vol. I). (A. A. Howitt, Trans.). Paris: Desclee & Co.

Cross, F. L., & Livingston, E. A. (Eds.). (1974). *The Oxford dictionary of the Christian Church* (2nd ed.). Oxford: Oxford University Press.

*Enclyclopaedia Britannica* (2016). Britannica global edition. Encyclopaedia Britannica Online. Retieved from http://www.Britannica.com.

*Encarta Encyclopaedia* (2001). C. D. Microsoft Corporation.

Farmer, D. H. (1997). *The Oxford dictionary of Saints* (4th ed.). Oxford: Oxford University Press.

http://myocn.net/macrinaelder/

https://oca.org/saints/ lives/2015/01/25/100300martyrfelicitasofromeandsevensons

https://oca.org/saints/lives/2011/09/22/102695-hieromartyr-phocas-the-bishop-of-sinope

http://soc-wus.org/ourchurch/St.%20Agapius%20of%20caesarea.htm

http://syrorthodoxchurch.com/englishDateien/st_dimet.html;

http://www.antiochian.org/constantine-great-roman-emperor-christian-saint-historys-turning-point

http://www.bible-history.com/isbe/L/LAZARUS/

http://www.biblestudytools.com/history/foxsbookofmartyrs/thetenthpersecutionunderdiocletianad303.html;

https://www.holytrinityorthodox.com/calendar/los/November/1802.htm

https://www.sor.eua.edu

Kurian, G. T. (Ed.). (2011). *The Encyclopedia of Christian Civilization*. UK: John Wiley & Sons Ltd.

Quasten, J. (1952). *Patrology* (Vo. II). Notre Dame, IN: Christian Classics.

Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume). Puthencruz: J. S. C. Publications

Smith, W. & Wace, H. (Eds.). (1877). *A dictionary of Christian Biography* (Vol. I). London: John Murray.

Smith, W., & Wace, H. (Eds.). (1887). *A dictionary of Christian Biography* (Vol. IV). London: John Murray.

*The book of common prayer of the Syrian Church* (1965). (Bede Griffiths, Trans.). Vagamon, Kerala, India: Kurisumala Ashram.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. I). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. III). Maryland: Christian Classics.

Thurston, H. J., & Attwater, D. (Eds.). (1990). *Butler's lives of the saints* – Complete edition. (Vol. IV). Maryland: Christian Classics.

Wace, H. (1911). *A Dictionary of Christian Biography and Literature to the End of the Sixth Century* A.D., with an Account of the Principal Sects and Heresies. Grand Rapids, MI: Christian Classics Ethereal Library.

Wace, H., & Piercy W. C. (Eds.) (1999). *A dictionary of early Christian Biography*. USA: Hendrickson Publishers.

Wright, W. (1894). *A short history of Syriac Literature*. London: Adam and Charles Black.

# NAME INDEX
## (Volume IX)


Acacius of Melitene ........................................................39

Agapius of Caesarea .......................................................01

Alexander, the Patriarch of Antioch................................40

Amphlocius, Bishop of Iconium.....................................02

Christopher, the Martyr...................................................41

Constantine I, the Great ..................................................27

Dimet (Dometius) of Persia ............................................04

Dionysius Jacob bar Salibi..............................................25

Felicitas of Rome and her seven children ......................06

George, Bishop of Arabs.................................................30

Hosius (Ossius), Bishop of Cordova...............................32

Lazarus of Bethany .........................................................09

Lucianos, the Martyr....................................................... 11

Macarius, Bishop of Jerusalem (the Lesser)..................34

Macrina, the Elder...........................................................12

Mathai of Mosul Dayro ..................................................37

Paphnutius, Bishop of Upper Thebaid............................14

Paul of Tella ...................................................................16

Paulinus, Bishop of Trier ................................................ 35
Peter II the Fuller, the Patriarch of Antioch .................... 36
Peter, the Patriarch of Alexandria ................................... 33
Philogone, the Patriarch of Antioch ................................ 43
Phocas, Bishop of Sinope ............................................... 37
Romanos of Antioch ...................................................... 18
Sabas, the Ascetic.......................................................... 33
Seraphion, the Patriarch of Alexandria ........................... 42
Sergius, the Patriarch of Antioch .................................... 44
Silvanus, the Martyr ....................................................... 45
Thimotheos of Alexandria ............................................... 21
Xystus II of Rome .......................................................... 23

# GENERAL INDEX
## Volumes I to VIII

**A**

Abahai, the Martyr ........................................... Vol. III, 12
Abded Aloho II, Patriarch .................................. Vol. III, 50
Abgar V, the Black ............................................. Vol. II, 54
Abraham Kidunay ........................................... Vol. VII, 40
Acacious of Aleppo. ............................................ Vol. V, 53
Adai, the first bishop of Edessa ......................... Vol. VI, 25
Adrian with his wife Natalia, Martyrs .............. Vol. VI, 32
Agatha, Martyr ..................................................... Vol. II, 4
Aggai, the second Bishop of Edessa ................ Vol. VII, 13
Agnes, Virgin & Martyr .................................. Vol. VII, 22
Ahathulla Bava ................................................. Vol. VI, 55
Aho, the Ascetic ............................................. Vol. VIII, 08
Ahudemeh, the Great Bishop ............................ Vol. III, 53
Alexander, the Patriarch of Alexandria ........... Vol. VII, 28
Alexander, the Patriarch of Constantinople ...... Vol. VI, 53
Ambrose, Saint ................................................. Vol. III, 32
Ammon (Amus) of Nitria ................................ Vol. VII, 35
Anastasia, the Martyr ........................................... Vol. V, 3
Andrew, the Disciple ........................................ Vol. III, 20
Anthimos, Episcopo of Nicomedia, the Martyr ..... Vol. VII, 19
Anthimus of Constantinople ............................. Vol. IV, 62
Anthrayose, Kallada, Kerala, India ................... Vol. VI, 68
Antonius of Egypt ................................................ Vol. I, 28
Anysia, the Martyr .......................................... Vol. VII, 20
Aphrahat, Hermit ............................................. Vol. IV, 25
Aphrem I, the Patriarch of Antioch ...................... Vol. I, 70
Aphrem, the Syrian ............................................ Vol. II, 69
Apollonia, the Martyr ....................................... Vol. VII, 17
Arnobius, the Martyr. ........................................... Vol. V, 14

Arsenius, the Great........................................ Vol. VIII, 43
Artemius, Martyr.......................................... Vol. VIII, 06
Athanasius Aphrem Barsoum, Archbishop ......Vol. VI, 73
Athanasius Denho, Martyr............................. Vol. VIII, 04
Athanatius of Alexandria ...............................Vol. III, 40
Athanatius Paulose, Kadavil I......................... Vol. IV, 75
Athanatius Paulose, Saint................................ Vol. II, 41
Athanatius Shemavoon, the delegate .................Vol. I, 102
Athanatius Yeshu Samuel...................................Vol. I, 97
Athnatius Paulose, Kadavil II ......................... Vol. IV, 82
Augen of Clysma ............................................ Vol. IV, 23

**B**

Babula, the Patriarch of Antioch .........................Vol. III, 1
Babylas, the Patriarch of Antioch, the Martyr ..Vol. VI, 58
Balai, Bishop of Balsh ..................................... Vol. IV, 39
Bar Hebreaus Gregorius Yuhanon.........................Vol. I, 82
Barbara and Juliana, Martyrs ............................ Vol. II, 19
Bar-had- bashabo, Deacon & Martyr............... Vol. VII, 38
Barnabas, the Apostle .......................................Vol. VI, 12
Barsoumo, the chief of Mourners ........................Vol. I, 32
Bartholomew, The Disciple ................................Vol. III, 8
Baselius of Caesera, Saint.................................. Vol. II, 35
Baselius Paulose II, the Catholicos.......................Vol. I, 85
Behnam and Sara, Martyrs.............................. Vol. VIII, 31

**C**

Callistus, Episcopo of Rome............................ Vol. VII, 15
Carpos & Papylos, Martyrs ...............................Vol. VI, 35
Cipriyan, the Martyr......................................... Vol. II, 14
Clement of Rome ............................................... Vol. IV, 1
Clemis Abraham................................................ Vol. II, 93
Coorilos Geevarghese, Ambattu .........................Vol. V, 68
Coorilos Kuriakose, Poothicote ......................... Vol. IV, 84
Coorilos Markose, Ramanthara ..........................Vol. V, 76
Coorilos Paulose, St. ........................................ Vol. IV, 51
Coorilos Yuyakim, the Delegate ...................... Vol. IV, 47

Cosmas & Damian, Martyrs ........................... Vol. VII, 24
Cyril of Alexandria ............................................ Vol. II, 72
Cyril of Jerusalem ........................................... Vol. VII, 45

**D**

Daniel, the Stylite............................................ Vol. VII, 48
Deevannasios Shem'vun, Karavattuveettil ..........Vol. V, 65
Didymus, the blind...............................................Vol. V, 59
Dionysius Joseph, Pulikottil .............................. Vol. IV, 71
Dionysius Michael .............................................. Vol. II, 84
Dionysius of Alexandria ....................................Vol. III, 48
Dionysius of Milan, the Bishop ........................Vol. VI, 67
Dionysius Tell Mahre, the Patriarch of Antioch ... Vol. VIII, 27
Dionysius, the Areopagite ................................ Vol. VIII, 75
Dioscoros of Alexandria ....................................Vol. III, 44
Dodo (Gregorius), the Saint..................................Vol. V, 36
Drosis, daughter of Emperor Trajan................ Vol. VIII, 24

**E**

Elias III, the Patriarch of Antioch ....................... Vol. II, 48
Epiphanius of Salamis, Egypt ........................... Vol. IV, 33
Eugenia, Martyr ............................................. Vol. VIII, 52
Eulogius, Episcopo of Edessa ......................... Vol. VIII, 40
Euphemia, Virgin & Martyr .............................Vol. VI, 38
Eusebius of Caeseria ......................................... Vol. IV, 16
Evagrius, Ascetic and Writer.......................... Vol. VIII, 49
Evodius, the Patriarch of Antioch, Martyr ........Vol. VI, 51

**F**

Fabronia, the Martyr ...........................................Vol. V, 25
Flavian, the Patriarch ..........................................Vol. V, 44
Fourty martyrs of Sebesthe ....................................Vol. I, 5

**G**

Gabriel of Thur’abdeen ....................................Vol. VI, 47
George, Saint.........................................................Vol. I, 8
Gregorius Abdul Jaleel, Saint ............................ Vol. II, 58
Gregorius Chathuruthil (of Parumala), St. ............Vol. I, 51

Gregorius Gheevarghese, Perumpallil .............. Vol. III, 63
Gregorius Gheevarghese, Vayaliparampil ......... Vol. VI, 76
Gregorius of Armenia, the Illuminator............ Vol. VIII, 01
Gregorius Yuhanon, the Delegate ..................... Vol. III, 79
Gregory of Nazianzen, ...................................... Vol. III, 26
Gregory of Nyssa, Saint...................................... Vol. II, 39
Gregory, the Wonderworker .............................. Vol. VI, 44

**H**

Habib, the Martyr................................................. Vol. V, 9
Helen, Queen...................................................... Vol. II, 66
Hesychius, the Martyr ....................................... Vol. VI, 18
Hilaria, the daughter of Emperor Zeno ........... Vol. VIII, 46
Hilarion, Abbot (of Gaza) ................................ Vol. VII, 42
Hippolytus of Rome, the Martyr........................ Vol. VI, 28

**I**

Ignatius Nuh (Noah), the Patriarch of Antioch...... Vol. VIII, 38
Ignatius, Noorono ............................................... Vol. I, 19
Iranaeus of Sirmium, the Martyr ....................... Vol. VI, 30
Irenaeus, the Bishop of Lyons............................ Vol. VII, 9
Irene (Erini/Irini), the Martyr........................... Vol. VIII, 58
Isaac of Nineveh (Syrian) ................................ Vol. VII, 69
Isaac, the Doctor ............................................... Vol. IV, 40
Isidore of Chios, the Martyr............................ Vol. VIII, 78
Ivanios Hidayathulla, the Delegate .................... Vol. IV, 64
Ivanios Philipose, Parappallil ............................... Vol. V, 71
Ivanios Yuhanon, the Delegate ........................... Vol. IV, 68
Ivanius, Gold-mouthed ......................................... Vol. I, 56

**J**

Jacob of Edessa.................................................. Vol. III, 68
Jacob of Edessa ................................................ Vol. VII, 72
Jacob of Sarug...................................................... Vol. I, 64
Jacob, The Disciple ............................................ Vol. I, 11
James of Jerusalem, Martyr ................................ Vol. II, 10
James of Nisbis .................................................. Vol. II, 64

James, Bardeaus (Burd'ono) ................................Vol. I, 60
James, Son of Alphaeus .....................................Vol. III, 16
Joachim & Hannah............................................ Vol. IV, 14
John (Yuhanon) of Tella.................................. Vol. VIII, 62
John bar Aphthoonia .......................................... Vol. II, 76
John III of Sedre, the Patriarch of Antioch ...... Vol. VII, 64
John IX, Bar Shushan, the Patriarch of Antioch ..... Vol. VIII, 29
John of Arabia .....................................................Vol. V, 55
John of Damascus ............................................. Vol. IV, 44
John of Egypt, the Abbot ................................. Vol. VII, 51
John, the Baptist....................................................Vol. I, 1
John, the Disciple............................................... Vol. II, 61
Joseph of Arimathea .........................................Vol. VI, 03
Joseph, The Just ...............................................Vol. III, 35
Juda, The Disciple ..............................................Vol. III, 6
Julius Elias, the delegate of Antioch .................. Vol. II, 89
Julius Geevarghese, Konatt.................................Vol. V, 62
Julius Kuriakose, Kochupurackal ........................Vol. V, 82
Julius of Rome, ................................................Vol. III, 38
Julius Yacob, Madappattu ....................................Vol. I, 89
Julius Yeshu Cicek, Holland .............................Vol. III, 82
Justin, the Martyr ..............................................Vol. VI, 15

**K**

Kuriakose and Yulithi, Martyrs........................... Vol. II, 12
Kuriakose Vanchithattil, Ramban ........................Vol. V, 85
Kuriakose, the Patriarch of Antioch ....................Vol. V, 48

**L**

Longinus, the Martyr .......................................Vol. VI, 05
Luke, the Evangelist............................................Vol. I, 49

**M**

Macarius, the Egyptian (the Elder)......................Vol. V, 19
Macrina, the younger ....................................... Vol. IV, 28
Maike, the Saint ..................................................Vol. V, 34
Mamas of Caesarea, the Martyr...................... Vol. VIII, 55

Marina, the Saint....Vol. V, 31
Mark, the Martyr.... Vol. II, 6
Marutha, the Maphrian.... Vol. II, 82
Mary Magdelena.... Vol. II, 74
Mary of Egypt.... Vol. VII, 53
Mary, Mother of God.... Vol. II, 23
Mathew, the Disciple....Vol. I, 43
Matthias, The Disciple....Vol. III, 10
Maximus, the Confessor.... Vol. VII, 62
Meletius Barnaba, Homs....Vol. V, 74
Meletius, the Patriarch of Antioch....Vol. V, 41
Mena, the Martyr....Vol. V, 5
Mennas, the Martyr.... Vol. VIII, 16
Michael Rabo, the Patriarch of Antioch....Vol. I, 90
Moses, the Ethiopian.... Vol. VIII, 34
Moshe Bar Kipho....Vol. I, 95

**N**

Nicephorus, the Martyr....Vol. VI, 19

**O**

Ossyo, the Martyr....Vol. V, 17
Osthatheos Bennyamin Joseph....Vol. III, 74
Osthatheos Sleeba, St.....Vol. I, 35
Osthatheos Thomas, Panthalumakkil.... Vol. IV, 86
Osthatheos, the Patriarch of Antioch.... Vol. II, 79

**P**

Pachomius of Egypt, Saint....Vol. III, 29
Palladius, the Solitary.... Vol. VIII, 72
Pambo, the Ascetic.... Vol. VIII, 20
Pamphilus of Caesarea, the Martyr.... Vol. VII, 26
Pantaenus of Alexandria (priest)....Vol. VI, 10
Pantaleon, the Martyr....Vol. VI, 23
Paul (I) of Edessa.... Vol. VIII, 79
Paul of Thebaid.... Vol. IV, 20
Paul, The Apostle....Vol. I, 16

Pelagia of Antioch, Saint .................................. Vol. III, 14
Pelagia of Tarsus, Virgin & Martyr .................. Vol. VI, 22
Peter III (IV), the Patriarch of Antioch ............... Vol. I, 66
Peter, the chief among Apostles .......................... Vol. I, 13
Philexenus of Mabbug, the Martyr .................... Vol. II, 21
Philexinose Yoohanon, Elappanal .................... Vol. VI, 70
Philexinose Yuhanon Dolabani of Mardin ...... Vol. VIII, 13
Philip, the Disciple .......................................... Vol. III, 18
Philoxenos Samuel, Kodath ............................. Vol. III, 60
Phocas of Sinope, the Gardner ............................ Vol. IV, 8
Polycarp of Smirna, the Martyr ........................ Vol. III, 23
Polycarpus Geevarghese, Pallivadakkethil ......... Vol. V, 79

**R**

Rabula of Edessa ................................................ Vol. II, 91

**S**

Serapion, the Patriarch of Antioch ...................... Vol. V, 39
Sergius and Baccus, Martyrs .............................. Vol. II, 17
Severios Paulose, Mulayirickal ........................ Vol. IV, 78
Severius Gheevarghese, Edavazhikkal ............ Vol. III, 70
Severius, the Patriarch of Antioch ..................... Vol. II, 45
Severus Sabukht, Bishop of Qinnesrin ........... Vol. VII, 67
Shalito, the Martyr ............................................. Vol. V, 21
Sharbil, the Martyr ............................................ Vol. IV, 4
Shem'vun of Jerusalem, the Martyr ...................... Vol. V, 1
Shemvun of Qartmin ...................................... Vol. VII, 59
Shmuni, her seven children and Eliazar ........... Vol. VI, 07
Shukr Allah of Aleppo, Maphrian ...................... Vol. III, 57
Silvester, the Patriarch of Rome ...................... Vol. VII, 31
Simeon, the Aged & Morth Hannah ............... Vol. VI, 01
Simeon, the Zeolot ............................................. Vol. III, 3
Simon Theophilus, the Patriarch of Antioch ........ Vol. V, 46
Simon Zaytuni of Harran ................................ Vol. VII, 75
Simon, the Martyr ................................................. Vol. V, 1
Simon, the Potter .............................................. Vol. IV, 42

Simon, the stylite ................................................Vol. I, 40
Stephen, the Martyr............................................. Vol. II, 1

**T**

Tharakkos, Prokkos & Andronikkos, Martyrs ..Vol. VI, 39
Thecla, the Saint..................................................Vol. I, 45
Themotheos of Alexandria ................................. Vol. IV, 59
Theodora, the Empress of Byzantine ............. Vol. VIII, 68
Theodotus, the Martyr..................................... Vol. VIII, 66
Theodotus, the Patriarch of Antioch ............... Vol. VII, 56
Theophilos Thomas, Moothedath ..................... Vol. IV, 89
Theophilus of Alexandria................................... Vol. IV, 56
Thimotheos Yacoub, Parekulam ..........................Vol. I, 92
Thomas of Heraclea ......................................... Vol. VIII, 60
Thomas, The Apostle ............................................Vol. I, 23
Timothy, the disciple of Apostle St. Paul.......... Vol. VII, 1
Titus, the disciple of Apostle St. Paul ............... Vol. VII, 5

**Y**

Yacoub III, the Patriarch of Antioch ....................Vol. I, 73
Yacoub, M'fasquo ............................................ Vol. IV, 12
Yeldho Baselius Maphrian, Saint.......................Vol. III, 54
Yuhanon of Mardin ......................................... Vol. VIII, 64
Yuhanon, the Bishop of Ephesus ........................Vol. V, 50

**Z**

Zakka I, the Patriarch of Antioch ......................Vol. VI, 61
Zeno, the Ascetic ............................................. Vol. IV, 37
Zenobius and Zenobia, Martyrs ...................... Vol. VIII, 18
Zokhe (Nicholavos), Bishop of Moora (Myra) ...... Vol. VII, 33

## Books by the Author


1. Rajan, K. M. (1991). *Queen of the Sacraments.* California, U.S.A.: St. Mary's J.S.O Church.
2. Rajan, K. M. (1993). *The prayer book of the Syrian Orthodox Church*. California, U.S.A.: St. Mary's J.S.O Church.
3. Rajan, K. M. (1999). *Perspectives in physical science teaching.* Kottayam, Kerala: Vidyarthi Mithram Press & Book Depot.
4. Rajan, K. M. (1999). *A treatise on form of style of thesis and disseration.* Mannanm, Kottayam: St. Joseph's Training College.
5. Rajan, K. M. (2002). Role of teacher education institutions in school management (pp. 165-172). In M. Mukhopadhyay (Ed.), *Secondary education: The challenges ahead*. New Delhi: NIEPA.
6. Rajan, K. M. (2003).*സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും.* (Vol. I). Trivandrum: Lotus Publications.
7. Rajan, K. M. (2004). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. II). Trivandrum: Lotus Publications.
8. Rajan, K. M. (2004). *Science of science education*. Mannanam, Kottayam: St. Joseph's Training College.

9. Rajan, K. M. (2006). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. III). Trivandrum: Lotus Publications.

10. Rajan, K. M. (2007). *Martyrs, saints & prelates of the Syriac Orthodox Church* (Vol.I). Kottayam: The Travancore Syriac Orthodox Publishers.

11. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2008). *Teaching of Physical Science: Theory, Perspectives & Practice.* Mannanam, Kottayam: St. Joseph's Training College.

12. Rajan, K. M. (2009). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IV). Trivandrum: Lotus Publications.

13. Rajan, K. M., Sindhu B. S., George, J., Netto, S. G., & Sajan, R. K. (2010). *Teaching of Physical Science: Theory, Perspectives & Practice* (2nd rev. ed.). Mannanam, Kottayam: St. Joseph's Training College.

14. Rajan, K. M. (2010). *പരിശുദ്ധ മഞ്ഞനിക്കര ബാവായുടെ മലങ്കര സന്ദർശനം*. Kottayam: The Travancore Syriac Orthodox Publishers.

15. Rajan, K. M. (2011). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. V). Kottayam: The Travancore Syriac Orthodox Publishers.

16. Rajan, K. M. (2012). *Martyrs, saints & prelates of the Syriac Orthodox Church* (Vol.II). Kottayam: The Travancore Syriac Orthodox Publishers.

17. Rajan, K. M. (2013). *Martyrs, saints & prelates of the Syriac Orthodox Church* (Vol.III). Kottayam: The Travancore Syriac Orthodox Publishers.

18. Rajan, K. M. (2016). *Martyrs, saints & prelates of the Syriac Orthodox Church* (Vol.IV). Puthencruz: J. S. C. Publications.

19. Rajan, K. M. (2016). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VI). Kottayam: The Travancore Syriac Orthodox Publishers.
20. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (Vol.V). Puthencruz: J. S. C. Publications.
21. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VII). Puthencruz: J. S. C. Publications..
22. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. VIII). Puthencruz: J. S. C. Publications.
23. Rajan, K. M. (2017). *St. Mary & The Apostles*. Puthencruz: J. S. C. Publications.
24. Rajan, K. M. (2017). *Holy Fathers of the Syrian Orient Entombed in Kerala*. Puthencruz: J. S. C. Publications.
25. Rajan, K. M. (2017). *Martyrs, saints & prelates of the Syriac Orthodox Church* (One Volume). Puthencruz: J. S. C. Publications.
26. Rajan, K. M. (2017). *Renowned Ascetics: Their Lives & Practices.* Puthencruz: J. S. C. Publications.
27. Rajan, K. M. (2017). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും (250 ജീവചരിത്രം).* Puthencruz: J. S. C. Publications.
28. Rajan, K. M. (2017). *വിശുദ്ധ കന്യകമറിയാമും അപ്പോസ്തോലന്മാരും*. Puthencruz: J. S. C. Publications.
29. Rajan, K. M. (2017). *സുപ്രസിദ്ധ സന്യാസികൾ: അവരുടെ ജീവിതവും സുകൃതങ്ങളും*. Puthencruz: J. S. C. Publications.
30. Rajan, K. M. (2018). *സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും, മേലദ്ധ്യക്ഷന്മാരും* (Vol. IX). Puthencruz: J. S. C. Publications..

## Books Compiled, Edited & Reprinted

1. *മോർ അന്തോണിയോസിന്റെ ജീവചരിത്രം.* (2003). Kizhakkambalam: Religious Movement of Ancient Syrians (R.M.A.S.) - REPRINT
2. *Calendar of the Syrian Orthodox Church*. (2004). Kottayam: Travancore Syriac Orthodox Publishers.- EDITED
3. *നിദ്രപ്രാപിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും ക്രമങ്ങളും*. (2004). Arthat, Kunnamkulam: St. Mary's Simhasanapally - COMPILED
4. *സുറിയാനിസഭ പെരുന്നാൾ വിശേഷദിവസങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാവുന്ന ഗീതങ്ങൾ.* (2005). Kurichy, Kottayam: Vishudha Magdhalana Mariyam Mandiram Chapel. - COMPILED
5. *Angel of peace - Platinum Jubilee Souvenir of St. Elias III* (2007). EDITED
6. Aphrem Basoum I (2016). *The Shorter Catechism of the Syrian Orthodox Church.* Puthencruz: J. S. C. Publications. REPRINT
7. Aphrem Basoum I (2017). *The Spiritual Treasures of Canonical Prayers*. Puthencruz: J. S. C. Publications. REPRINT
8. *Huthomo of the Holy Qurbono* (2016). Puthencruz: J. S. C. Publications. (worked with the translation and versification team).
9. *The prayer book of the Syrian Orthodox Church (for the season of Sleebo)*. (2017). Puthencruz: J. S. C. Publications. (worked with the translation and versification team).
10. *The order of the sacrament of Baptism & Matrimony* (2018). Puthencruz: J. S. C. Publications. (worked with the translation and versification team)

# ഗ്രന്ഥകർത്താവ്

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ 1958 ആഗസ്റ്റ് 10-ാം തീയതി ജനിച്ചു. ഇദ്ദേഹം രസതന്ത്രത്തിൽ B.Sc., M.Sc. എന്നീ ബിരുദങ്ങളും വിദ്യാഭ്യാസത്തിൽ B.Ed., M. Ed. എന്നീ ബിരുദങ്ങളും രസതന്ത്രബോധനരീതികളിൽ Ph. D. ബിരുദവും കരസ്ഥമാക്കി.

1971 ജനുവരി 31-ാം തീയതി ബ. കെ. വി. കുര്യാക്കോസച്ചൻ (പുണ്യശ്ലോകനായ കുരിയാക്കോസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത) മദ്ബഹായിൽ ശുശ്രൂഷയക്കായി പ്രവേശിപ്പിച്ചു. 1976 മാർച്ച് 14-ാം തീയതി B.Sc. വിദ്യാർത്ഥിയായിരുന്നപ്പോൾ മഞ്ഞനിക്കര ദയറായിൽ വച്ച് മോർ യൂലിയോസ് യാക്കോബ് മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടവും, 1978 ജൂലൈ 23-ാം തീയതി ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ ബാവായിൽ നിന്നും യൗഫദയക്കിനൊ പട്ടവും സ്വീകരിച്ചു. 1984 ഒക്ടോബർ 12-ാം തീയതി മോർ ഒസ്താത്തിയോസ് ബെന്യാമിൻ ജോസഫ് മെത്രാപ്പോലീത്തായിൽനിന്ന് പൂർണ്ണ ശെമ്മാശപട്ടവും 1984 ഒക്ടോബർ 14-ാം തീയതി  ദമസ്കോസിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് സഖാ ഇവാസ് ഒന്നാമൻ പാത്രിയർക്കീസ് ബാവായിൽ നിന്നും കശീശ പട്ടവും സ്വീകരിച്ചു. കുന്നംകുളം സിംഹാസനപള്ളിയിലെയും സഭയിലെയും ശുശ്രൂഷകളെ അംഗീകരിച്ച് പരിശുദ്ധ പാത്രിയർക്കീസ് ബാവാ 2000 മെയ് 12-ാം തീയതി ദമസ്കോസിൽ വച്ച് കുരിശുമാല നൽകി ആദരിച്ചു. 2009 ജനുവരി 24-ാം തീയതിയിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ E27/09 നമ്പർ കല്പനപ്രകാരം 2009 മെയ് 24-ാം തീയതി മോർ യൂലിയോസ് കുരിയാക്കോസ് തിരുമേനിയിൽനിന്ന് കോറെപ്പിസ്കോപ്പ സ്ഥാനം സ്വീകരിച്ചു.

1982 ൽ കൊച്ചി കേന്ദ്രീയവിദ്യാലയത്തിൽ (P. G. T. in Chemistry) അദ്ധ്യാപകനായി ഔദ്യോഗിക ജീവിതമാരംഭിച്ചു. 1983ൽ മാന്നാനം, സെന്റ് ജോസഫ്സ് ട്രെയിനിംഗ് കോളജിൽ അദ്ധ്യാ

പകനായി ജോലിയിൽ ചേർന്നു. 1984 മുതൽ കുന്നംകുളം സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചുവരുന്നു. കാലിഫോർണിയ സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന കാലഘട്ടത്തിൽ (1989-1993) ലോസ് ഏഞ്ചലസിലെ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് സിംഹാസന പള്ളിയിൽ സേവനമനുഷ്ഠിച്ചു. 1994-2003 കാലഘട്ടത്തിൽ ഇത്തിത്താനം M.M.D.M. Patriarchal centreൽ ശുശ്രൂഷകൾ നിർവ്വഹിച്ചു. 2009-2016 കാലഘട്ടത്തിൽ തൃശ്ശൂർ സെന്റ് പീറ്റേഴ്സ് സിറിയൻ സിംഹാസന പള്ളിയിൽ ശുശ്രൂഷകൾ നിർവ്വഹിച്ചു.

*Queen of the Sacraments, The prayer book of the Syrian Orthodox Church, Perspectives in physical science teaching, A treatise on form and style of thesis and dissertation, Science of science education, Martyrs, Saints & Prelates of The Syriac Orthodox Church* (Vol. I-V) *സുറിയാനിസഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും* (Vol. I-IX) എന്നീ പുസ്തകങ്ങളും അമ്പതിലധികം സഭാസംബന്ധമായ ചെറിയ പുസ്തകങ്ങളും, ലഘുലേഖകളും, ലേഖനങ്ങളും, ഒന്നര ഡസനിലധികം ഗവേഷണ പ്രബന്ധങ്ങളും ഇദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധി സർവകലാശാലയിൽ അച്ചന്റെ കീഴിൽ വിദ്യാഭ്യാസത്തിൽ ഗവേഷണം നടത്തി രണ്ടു വിദ്യാർത്ഥികൾ Ph.D. ബിരുദം നേടിയിട്ടുണ്ട്.

ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും, 1998ൽ മികച്ച ഗവേഷണപ്രബന്ധത്തിനുള്ള അവാർഡ് ലഭിക്കുകയും ചെയ്തു. U. G. C., N.C.T.E., K. P. S. C., S. C. E. R. T., I. A. S. E., S. M. E. എന്നിവയിൽ Subject expert, Resource person എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിദ്യാഭ്യാസഗവേഷണത്തിന് ഗൈഡ് എന്ന നിലയിലും പ്രവർത്തിക്കുന്നു.

For soft copies of the books, visit : www.rajanachen.com